# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

# കാവനൂർ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

**2022-2023**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**മലപ്പുറം-676505**

**ഇ-മെയിൽ: dompm.ksad@kerala.gov.in**
**ഫോൺ : 0483-2734951**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: നം.കെ.എസ്.എ.എം.പി.എം 9/ 2025/ 2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 04/10/2023
ഇ-മെയിൽ: dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കാവനൂർ ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : കാവനൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കാവനൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: നം.കെ.എസ്.എ.എം.പി.എം 9/ 2025/ 2023 തീയ്യതി: 04/10/2023

# മലപ്പുറം ജില്ലയിലെ കാവനൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ കാവനൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 30-12-2022 മുതൽ 09-08-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 47 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 23 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 21-08-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

### ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. ചിത്രലേഖ. കെ.കെ , കെ.എ എസ് | ഡെപ്യൂട്ടി ഡയറക്ടർ | 10-08-2023 | 21-08-2023 |

### ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 10-08-2023 | 21-08-2023 |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. മുഹമ്മദ് ഫസലുറഹ്മാൻ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ. യൂസുഫ്.പി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീമതി.അസീന എ പി , അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീമതി. സക്കീന. കെ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. പി.വി ഉസ്മാൻ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീമതി. സൽമ ബീവി പി.എസ് | സെക്രട്ടറി | 01-04-2022 | 17-04-2022 |
| | | 25-05-2022 | 10-10-2022 |
| ശ്രീമതി. ആശ കമാൽ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 18-04-2022 | 24-05-2022 |
| | | 11-10-2022 | 16-10-2022 |
| ശ്രീ. രാജേഷ് പി ടി | സെക്രട്ടറി | 17-10-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. ആശ കമാൽ | അസി.സെക്രട്ടറി | 01-04-2022 | 31-03-2023 |
| ശ്രീ. ശ്രീകാന്ത് കെ പി | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2022 | 31-03-2023 |
| ശ്രീമതി. സീനത്ത് കെ.കെ | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ഡോ. അബ്ദുൽ റസാക്ക് | വെറ്റിനറി സർജൻ | 01-04-2022 | 31-03-2023 |
| ഡോ.ഹസ്ബുള്ള സമീർ | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 01-04-2022 | 17-05-2022 |
| ഡോ.റംഷാദ് നാലകത്ത് | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 18-05-2022 | 31-03-2023 |
| ഡോ.ശ്രീ. അബ്ദുൽ റഷീദ് വി പി | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 01-04-2022 | 07-06-2022 |
| ഡോ മുഹമ്മദ് ഷാനവാസ് | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 08-06-2022 | 31-03-2023 |
| ശ്രീ. അബ്ദുൽ അസീസ് | ഹെഡ്മാസ്റ്റർ | 01-04-2022 | 31-03-2023 |
| ഡോ പ്രിയശിവരാമൻ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2022 | 31-03-2023 |
| ശ്രീമതി. ഗിരിജ പി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2022 | 31-12-2022 |
| ശ്രീമതി. പത്മിനി ഒ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-01-2023 | 31-03-2023 |
| ശ്രീമതി. ആശ എ | വി.ഇ.ഒ | 01-04-2022 | 24-06-2022 |
| ശ്രീമതി. സനീജ പി | വി.ഇ.ഒ | 25-06-2022 | 31-03-2023 |
| ശ്രീമതി. നശാത്ത് കെ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |

# ഉള്ളടക്കം

| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. | 1-1-1 |
| 2 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 3 | റെസിപ്റ്റ് & പെയ്മെന്റ് മുന്നിരിപ്പ് തുകയിൽ വ്യത്യാസം | 1-1-2 |
| 4 | ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല | 1-1-3 |
| 5 | സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല | 1-1-4 |
| 6 | ട്രയൽ ബാലൻസിൽ തുകകൾ തെറ്റായി രേഖപ്പെടുത്തി | 1-1-5 |
| 7 | ആസ്തി രജിസ്റ്റർ കാലികമാക്കിയില്ല | 1-1-6 |
| 8 | പ്രതിമാസ ബാങ്ക് റീകൺസിലിയേഷൻ പത്രിക തയ്യാറാക്കുന്നില്ല. | 1-1-7 |
| 9 | രജിസ്റ്ററുകൾ ഓഡിറ്റിൽ കൃത്യത സാക്ഷ്യപ്പെടുത്താവുന്ന രീതിയിൽ സൂക്ഷിക്കുന്നില്ല. | 1-1-8 |
| 10 | ബാങ്ക് അക്കൗണ്ടിലെ നീക്കിയിരുപ്പുമായി പൊരുത്തപ്പെടുന്നില്ല | 1-1-9 |
| 11 | അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല | 1-1-10 |
| 12 | ബാങ്ക് ബുക്കിൽ ക്രെഡിറ്റ് ബാലൻസ് കാണിക്കുന്നു | 1-1-11 |
| 13 | തെറ്റായ ഹെഡിൽ ബുക്ക് ചെയ്തു | 1-1-12 |
| 14 | എല്ലാ ബാങ്ക് അക്കൗണ്ടുകളും RP40(B)യിൽ ഉൾപ്പെടുത്തിയില്ല. | 1-1-13 |
| 15 | ബാങ്ക് റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് -അപാകത | 1-1-14 |
| 16 | ബാങ്ക് സ്റ്റേറ്റ്മെന്റുകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. | 1-1-15 |
| 17 | ഗ്രാന്റ് ഇന ചെലവ് വാർഷിക കണക്ക്, എ സി ആർ എന്നിവയുമായി പൊരുത്തപ്പെടുന്നില്ല | 1-1-16 |
| 18 | ബജറ്റ് | 1-2 |
| 19 | സാമ്പത്തിക വിശകലനം. | 1-3 |
| 20 | ഗ്രാന്റ് യൂട്ടിലൈസേഷൻ പത്രിക-അപാകത | 1-4-1 |
| 21 | ഫണ്ട് വിനിയോഗം(ACR പ്രകാരം) | 1-4 |
| 22 | പദ്ധതി അവലോകനം | 1-5 |
| 23 | തൊഴിലുറപ്പു പദ്ധതി | 1-6 |
| 24 | ക്ഷേമപദ്ധതികൾ | 1-7 |
| 25 | ക്യാഷ് പരിശോധന | 1-8 |
| 26 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 27 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 28 | തനത് വിഭവ സമാഹരണം- അവലോകനം | 1-11 |
| 29 | നിക്ഷേപ പ്രവൃത്തികളിൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന മുൻകൂറുകൾ - അവലോകനം | 1-12 |
| 30 | തൊഴിൽ നികുതി ഈടാക്കിയില്ല | 1-13 |
| 31 | കെട്ടിടത്തിന്റെ മുഴുവൻ ഏരിയക്കും വസ്തു നികുതി ചുമത്തിയില്ല | 1-14 |
| 32 | റോഡിന്റെ തരം തെറ്റായി രേഖപ്പെടുത്തി- വസ്തു നികുതി നിർണ്ണയിച്ചതിൽ കുറവ് | 1-15 |
| 33 | അനധികൃത കെട്ടിടങ്ങൾ - നിയമപ്രകാരമുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. | 1-16 |
| 34 | സ്കൂളുകളിലെ അനധികൃ കെട്ടിടങ്ങൾ - നടപടി സ്വീകരിച്ചിട്ടില്ല | 1-17 |
| 35 | അനധികൃ കെട്ടിടങ്ങൾ - പഞ്ചായത്ത് തീരുമാനത്തിൽ തുടർ നടപടി സ്വീകരിച്ചില്ല. | 1-18 |
| 36 | ഒരേ പ്ലോട്ടിലെ കെട്ടിടങ്ങൾക്ക് വ്യത്യസ്ത മേഖലകളായി വസ്തുനികുതി നിർണ്ണയിച്ചു. | 1-19 |

| | | |
|---|---|---|
| 37 | ഷോപ്പ് റൂമുകളുടെ വാടക-അപാകതകൾ | 1-20 |
| 38 | കാലഹരണപ്പെട്ട റവന്യൂ ഡെപ്പോസിറ്റുകൾ തനത് ഫണ്ടിലേക്ക് മുതൽ കൂട്ടേണ്ടതാണ്. | 1-21 |
| 39 | എസ് സി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകൽ - അധിക തുക നൽകി | 1-22 |
| 40 | ഹരിത കർമ്മസേന - പ്രവർത്തനാവലോകനം | 1-23 |
| 41 | അഗതി രഹിത കേരളം പദ്ധതി ലക്ഷ്യം നേടിയില്ല | 1-24 |
| 42 | ഒരിക്കൽ ആനുകൂല്യം കൈപ്പറ്റിയവർ വീണ്ടും ആനുകൂല്യം കൈപ്പറ്റുന്നില്ല എന്ന് ഉറപ്പ് വരുത്തുന്നില്ല. | 1-25 |
| 43 | സ്നേഹിത കോളിംഗ് ബെൽ ഉല്ലാസയാത്ര - സർക്കാർ ഉത്തരവിന് വിരുദ്ധമായ ചെലവ് | 1-26 |
| 44 | മാലിന്യ നിർമ്മാർജ്ജന ഫണ്ട്-രൂപീകരിച്ചില്ല. | 1-27 |
| 45 | ഡെപ്പോസിറ്റ് പ്രവർത്തികൾ - പൂർത്തീകരണ വിവരം ലഭ്യമല്ല | 1-28 |
| 46 | എസ്.എസ്.കെ വിഹിതം - പ്രൊജക്ട് നടത്തിപ്പിൽ സർക്കാർ നിർദ്ദേശം പാലിച്ചില്ല. | 1-29 |
| 47 | ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ- ഹോംകോക്ക് മുൻകൂർ തുക നൽകി - മരുന്ന് ലഭ്യമായിട്ടില്ല | 1-30 |
| 48 | കണക്കിൽ പെടാത്ത പണം അക്കൗണ്ടിൽ അവശേഷിക്കുന്നു. | 1-31 |
| 49 | ടെണ്ടർ ഫീ ഒടുക്ക് വരുത്തിയിട്ടില്ല. | 1-32 |
| 50 | കരിങ്കൽക്കെട്ട് പൊളിക്കുന്നതിന് അധിക നിരക്ക് - ₹ 5000 തിരിച്ചടച്ചു. | 1-33 |
| 51 | സർക്കാർ നിർദ്ദേശം പാലിക്കാതെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകി. | 1-34 |
| 52 | ഹെൽത്ത് ക്ലബ് പ്രവർത്തനം ആരംഭിച്ചിട്ടില്ല. | 1-35 |
| 53 | കാഷ്ബുക്ക് ശരിയായി എഴുതിയിട്ടില്ല. | 1-36 |
| 54 | ഫലവൃക്ഷതൈ വിതരണം - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ | 1-37 |
| 55 | കിഴങ്ങുവർഗ്ഗ വിള വിത്ത് വിതരണം പദ്ധതി - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ | 1-38 |
| 56 | പദ്ധതികളുടെ മോണിറ്ററിംഗിൽ വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമല്ല | 1-39 |
| 57 | ജി.എസ്.ടി.-TDS ഈടാക്കിയില്ല. | 1-40 |
| 58 | ടെണ്ടർ നടപടി സ്വീകരിക്കാതെ പ്ലാസ്റ്റിക് ബെഞ്ചുകൾ വാങ്ങി | 1-41 |
| 59 | ടെണ്ടർ നടപടി സ്വീകരിക്കാതെ കട്ടിലുകൾ വാങ്ങി | 1-42 |
| 60 | സർക്കാർ നിർദ്ദേശം മറികടന്ന് മരുന്ന് വാങ്ങി | 1-43 |
| 61 | ഓഡിറ്റ് റിപ്പോർട്ടിൽ നിയമപ്രകാരമുള്ള തുടർ നടപടി സ്വീകരിക്കുന്നില്ല. | 1-44 |
| 62 | പൊതു മരാമത്ത് പ്രവൃത്തികൾ - അവലോകനം | 1-45 |

**ഭാഗം 2**

--- No Records Found ---

**ഭാഗം 3**

--- No Records Found ---

**ഭാഗം 4**

| | | |
|---|---|---|
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ /വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |

| | | |
|---|---|---|
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-8 |
| 9 | ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ ചട്ടം 62-2(ഇ) പ്രകാരമുള്ള അക്കൗണ്ടിൻമേല കുറിപ്പുകൾ, ചട്ടം 62-2 (എഫ്) പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ, 62(3) പ്രകാരം മുൻവർഷ താരതമ്യ തുകകൾ എന്നിവ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാനവൽ ചാപ്റ്റർ 4.2.1&11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെ ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്ക മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 1(1)/11.07.2023 കമ്മിറ്റി തീരുമാനം പ്രക തയ്യാറാക്കി 11.07.2023 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ട കാവനൂർ ഗ്രാമ പഞ്ചായത്തിന്റെ മാർച്ച് 2023ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെ സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയ ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടു തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമ ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപര തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓ ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്ക തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച് അക്കൗണ്ടിംഗ് തത്വങ ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തില അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെ അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റ മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ട് എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്ക കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, കാവനൂർ ഗ്രാമ പഞ്ചായത്തി 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറി സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

ഡെപ്യൂട്ടി ഡയറ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പ
കേരള സംസ്ഥാന ഓഡിറ്റ് വ

മലപ്പുറം
തീയതി : 04-10-2023

## 1-1-2 റെസിപ്റ്റ് & പെയ്മെന്റ് മുന്നിരിപ്പ് തുകയിൽ വ്യത്യാസം

മുൻവർഷത്തെ (2021-22) വാർഷിക കണക്കിലെ നീക്കിയിരിപ്പ് തുക 45519033/- രൂപയാണ്. എന്ന തൻവർഷത്തെ മുന്നിരിപ്പായി ചേർത്തിട്ടുള്ളത് 45519043/- രൂപ. 10 രൂപയുടെ വ്യത്യാസത്ത വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-1-3 ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോ 533220 /-രൂപയും, ക്യാഷ് പത്രികയിലെ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസം 16976571 /-രൂപയുമാണ്. ഇവ തമ്മ പൊരുത്തപ്പെടുന്നില്ല.

## 1-1-4 സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല.

അക്രൂവൽ അടിസ്ഥാനത്തിലുള്ള വരവുകൾക്ക് വർഷാരംഭത്തിലും തുടർന്ന് അക്രൂ ആക സമയങ്ങളിലും (പ്രതിമാസം, അർദ്ധവർഷം) ഡിമാന്റ് എൻട്രി നടത്താതെ 31.03.2023 തീയ്യതിയ മാത്രമാണ് ഡിമാന്റ് എൻട്രി വരുത്തിയിട്ടുള്ളത്.

## 1-1-5 ട്രയൽ ബാലൻസിൽ തുകകൾ തെറ്റായി രേഖപ്പെടുത്തി

1.ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B1 പ്രകാരം 310900101 – Excess Of Income Over Expenditure ശീർഷകത്ത നീക്കിയിരിപ്പ് 23450359/-രൂപയാണ്. ഇത് ട്രയൽ ബാലൻസിലെ 310900101 – Excess Of Income Over Expen ശീർഷകത്തിലെ നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല.

2.ട്രയൽ ബാലൻസിൽ – MGNREGS -320100128എന്ന ശീർഷകത്തിൽ ഓപ്പണിംഗ് ബാലൻസ് 797391/-രൂപയ രേഖപ്പെടുത്തിയിട്ടുള്ളത് . എന്നാൽ RP 40 A പ്രകാരം മുന്നിരിപ്പ് 721/-രൂപയാണ് രേഖപ്പെടുത്തിയിട്ടുള്ളത്

## 1-1-6 ആസ്തി രജിസ്റ്റർ കാലികമാക്കിയില്ല

1.അക്രൂവൽ അടിസ്ഥാനത്തിലേക്ക് മാറുന്നതിന് മുമ്പ് പഞ്ചായത്തിന്റെ ആസ്തികളുടെ മൂല്യനിർണ്ണ നടത്തിയതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കാത്തതിനാലും, ആസ്തി രജിസ്റ്റർ (സച കാലികമാക്കാത്തതിനാലും വാർഷികകണക്ക് പ്രകാരമുള്ള ആസ്തികളുടെ ആധികാ പരിശോധിക്കാനായിട്ടില്ല.

2.ആസ്തികൾക്ക് ഇൻകം ആന്റ് എക്സ്പെൻഡീച്ചർ അക്കൗണ്ടിൽ (I-17(A)) തൻവർഷത്തേക്ക ഡിപ്രീസിയേഷൻ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ആയത് കണക്കാക്കിയതിന്റെ കാൽക്കുലേഷൻ ഹാജരാക്കിയിട്ടില്ല.

3) ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി പ്രകാരം സൃഷ്ടിക്കപ്പെട്ട തനത് ആസ്തികളുടെ മൂല്യം ബാല ഷീറ്റിൽ B-3 യിൽ ബുക്ക് ചെയ്തിട്ടില്ല.

## 1-1-7 പ്രതിമാസ ബാങ്ക് റീകൺസിലിയേഷൻ പത്രിക തയ്യാറാക്കുന്നില്ല.

31-03-2023ലെ ILGMS ബാങ്ക് റീകൺസിലിയേഷൻ പത്രിക പരിശോധിച്ചതിൽ State Bank Of India യുടെ N0:67246265041) Cheque Deposited Not Cleared എന്ന ഇനത്തിൽ 13/04/2022 മുതലുള്ള തുക ക്രമീകരിക്കാനവശേഷിക്കുന്നു. പ്രതിമാസ ബാങ്ക് റീകൺസിലിയേഷൻ ചെയ്യാതെ പെൻഡിംഗ് ടാസ്ക് ILGMS ൽ റീകൺസിലിയേഷൻ ചെയ്തതിനാലാണ് ഇത്തരത്തിൽ അപാകത ഉണ്ടായത് എന്ന് വ്യക്തമായ

## 1-1-8 രജിസ്റ്ററുകൾ ഓഡിറ്റിൽ കൃത്യത സാക്ഷ്യപ്പെടുത്താവുന്ന രീതിയിൽ സൂക്ഷിക്കുന്നില്ല.

1.വാർഷിക കണക്ക് പ്രകാരം Contractors Retension ഇനത്തിൽ വരവായി ചേർത്തിട്ടുള്ളത് 6517/- രൂപ. എന്ന ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരം ഈ ഇനത്തിൽ 15936രൂപ വരവായി ചേർത്തിട്ടുണ്ട്.

2.വാർഷിക കണക്കിലെ NREGS വരവ് ചെലവുകൾ സ്ഥാപനത്തിൽ നിന്ന് ലഭ്യമാക്കിയ കണക്കുമ പൊരുത്തപ്പെടുന്നില്ല.

| ഇനം | | മുന്നിരിപ്പ് | വരവ് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| അഡ്മിനിസ്ട്രേറ്റീവ് ചെലവ് | വാർഷിക കണക്ക് | 721 | 1233822 | 1348 | 1234495 |
| | സെക്രട്ടറി ലഭ്യമാക്കിയത് | 721 | 4196019 | 2962245 | 1234495 |
| ഗുണഭോക്താക്കൾക്ക് നൽകുന്നത് | വാർഷിക കണക്ക് | | 34049665 | 34049665 | 0 |
| | സെക്രട്ടറി ലഭ്യമാക്കിയത് | | 20776075 | 20776075 | 0 |

3.വാർഷിക കണക്ക് പ്രകാരം ഓഡിറ്റ് റിക്കവറി ഇനത്തിൽ(180400301) 1500 രൂപ വരവുണ്ട്. എന്നാൽ ഓ റിക്കവറി രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ ഇല്ലാത്തതിനാൽ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയ തുകയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

4.B-9 ൽ ഉൾപ്പെട്ട ചുവടെ ചേർത്ത ഹെഡ്ഡുകളിലെ ക്രമീകരിക്കുവാനുള്ള തുകകൾ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

| HEAD CODE | ITEM | AMOUNT |
|---|---|---|
| 350109999 | AMOUNT PAYABLE TO OTHER CREDITORS | 41608 |
| 350200202 | RECOVERIES PAYABLE VAT | 31545 |

5.വാടക രജിസ്റ്റർ പ്രകാരം സാക്ഷ്യപ്പെടുത്തിയ വാടക സംക്ഷിപ്തത്തിൽ അരിയർ-തൻവർഷ ഡിമ വർഷാവസാന ബാലൻസ് തുടങ്ങിയ വിവരം ഉൾപ്പെടുത്തിയിട്ടില്ല. തൻ വർഷ ഡിമാന്റ്, ഇ &എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും തൻവർഷ കുടിശ്ശിക ബാല ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. മുൻ വർഷ കുടിശ്ശിക (തൻവർഷ അരിയർ) 2021-22 ലെ ബാലൻസ് ഷീറ്റ് ഉൾപ്പെടുത്തിയിട്ടില്ല. വിശദാംശങ്ങൾ 1-12 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-1-9 ബാങ്ക് അക്കൗണ്ടിലെ നീക്കിയിരുപ്പുമായി പൊരുത്തപ്പെടുന്നില്ല

AFS B-4 ( Contribution For Specific Purposes) പ്രകാരമുള്ള താഴെ സൂചിപ്പിക്കുന്ന തുകകൾ B-17 ( Cash And Bank Ba ) ൽ കാണിച്ച ഇതേ ആവശ്യത്തിനുള്ള ബാങ്ക് അക്കൗണ്ടുകളിലെ നീക്കിയിരിപ്പുമ പൊരുത്തപ്പെടുന്നില്ല.

| ക്രമ നം | ഇനം | B-4 പ്രകാരം | B-17 പ്രകാരം |
|---|---|---|---|
| 1 | LITERACY | 157930 | 1324415 |
| 2 | CFC | 8961450(TIED + UNTIED) | 8913516 |

## 1-1-10 അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല

B4 ൽ ഉൾപ്പെടുത്തിയ പ്രത്യേകം ബാങ്ക് അക്കൗണ്ടുകൾ ഇല്ലാത്ത ചുവടെ ചേർത്ത ഇനങ്ങള നീക്കിയിരിപ്പ് പരിശോധിക്കാൻ ആവശ്യമായ രേഖകൾ ഹാജരാക്കേണ്ടതാണ്.

| HEAD CODE | ITEM | AMOUNT |
|---|---|---|
| 320100181 | TSC | 2026406 |
| 320100191 | NIRMAL PURASKAR | 293105 |
| 320100196 | ICDS | 5848063 |
| 320100198 | GRANT FROM SUCHITWA MISSION | 15052 |
| 320100999 | OTHER LIABILITIES | 3035 |
| 320200213 | FUND FOR TRANSFERRED INSTITUION ~~SC~~CAPITAL | 33676 |
| 320200399 | GRANT &FUND-SPECIFIC | 32648 |
| 320300199 | GRANT &FUND-SPECIFIC | 3189927 |

## 1-1-11 ബാങ്ക് ബുക്കിൽ ക്രെഡിറ്റ് ബാലൻസ് കാണിക്കുന്നു

RP 40(B)യിൽ ഉൾപ്പെടുത്തിയ ചുവടെ ചേർത്ത ബാങ്ക് അക്കൗണ്ടിലെ ബാങ്ക് നീക്കിയിരിപ്പ് CR BALANCE വന്നതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

| BANK | AFS നീക്കിയിരുപ്പ് AMOUNT |
|---|---|
| SUB TREASURY AREACODE,OWN FUND 799013000000929 | -465586 |

## 1-1-12 തെറ്റായ ഹെഡിൽ ബുക്ക് ചെയ്തു

1.ഡെപ്പോസിറ്റ് വർക്കിനായി വിവിധ പ്രോജക്റ്റുകകൾക്ക് വേണ്ടി കെ എസ് ഇ ബിക്ക് അഡ്വാൻസ നൽകിയ ₹ 177916 [ ₹161197 (വൗച്ചർ നം 22201126/31-3-23), ₹ 16719 (വൗച്ചർ നം22200802/09.01.23 ) ] വാർഷ കണക്കിൽ അഡ്വാൻസായി കാണിക്കാതെ (41420003) ELECTRICITY LINE EXTENSION എന്ന ചെലവ് ഹെഡ ബുക്ക് ചെയ്തിരിക്കുന്നു. പ്രവൃത്തി നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല.

2.SSAക്ക് വേണ്ടി ചെലവഴിച്ച തുക 251100605 (Education Related Activities -Ssa Share)എന്ന ഹെഡ ഉൾപ്പെടുത്താതെ 251100601 (Education Related Activities -Development Of Educational Qualityഎന്ന ഹെഡ്ഡില ഉൾപ്പെടുത്തിയിട്ടുള്ളത്.

3.ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി പ്രകാരം സൃഷ്ടിക്കപ്പെട്ട തനത് ആസ്തികളുടെ മൂല്യം ബാല ഷീറ്റിൽ B-3 യിൽ ബുക്ക് ചെയ്തിട്ടില്ല.

## 1-1-13 എല്ലാ ബാങ്ക് അക്കൗണ്ടുകളും RP40(B)യിൽ ഉൾപ്പെടുത്തിയില്ല.

KERALA GRAMIN BANKന്റെ (A/C NO 40151100111923) 31.03.2023 ലെ ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം PASS B BALANCE 2065/-രൂപയുണ്ട്.എന്നാൽ ഈ ബാങ്ക് അക്കൗണ്ട് RP40(B)യിൽ ഉൾപ്പെടുത്തിയില്ല.

## 1-1-14 ബാങ്ക് റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് -അപാകത

RP 40(B)യിൽ ഉൾപ്പെടുത്തിയ ചുവടെ ചേർത്ത ബാങ്ക് അക്കൗണ്ടിലെ റീകൺസിലിയേ സ്റ്റേറ്റ്മെന്റിൽ ബാങ്ക് ബുക്ക് ബാലൻസ് തെറ്റായി ആണ് രേഖപ്പെടുത്തിയിട്ടുള്ളത്.

| BANK | AFS നീക്കിയിരുപ്പ് AMOUNT | REMARKS |
|---|---|---|
| DISTRICT CO-OPERATIVE BANK OWN FUND (90181201000038) | 1808652 | ബാങ്ക് റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം 31.03.2023 ലെ ബാലൻസ്<br>BANK BOOK BALANCE =0<br>PASS BOOK BALANCE =0 |
| State Bank Of India 67246265041 | 14234634 | ബാങ്ക് റീകൺസിലിയേഷൻ പത്രിക യിൽ ബാങ്ക് ബുക്ക് ബാലൻസ് തെറ്റായാണ് രേഖപ്പെടുത്തിയിരിക്കുന്നത് |

## 1-1-15 ബാങ്ക് സ്റ്റേറ്റ്മെന്റുകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

RP 40(B)യിൽ ഉൾപ്പെടുത്തിയ ചുവടെ ചേർത്ത ബാങ്ക് അക്കൗണ്ടുമായി ബന്ധപ്പെട്ട ബാങ്ക് സ്റ്റേറ്റ്മെന്റ് ഹാജരാക്കിയില്ല.

| BANK | AFS നീക്കിയിരുപ്പ് AMOUNT |
|---|---|
| CANARA BANK ASHRAYA 855101056618 | 32648 |
| SUB TREASURY AREACODE,OWN FUND 799013000000929 | -465586 |

## 1-1-16 ഗ്രാന്റ് ഇന ചെലവ് വാർഷിക കണക്ക്, എ സി ആർ എന്നിവയുമായി പൊരുത്തപ്പെടുന്നില്ല

ചുവടെ ചേർത്ത ഗ്രാന്റ് ഇനങ്ങളിലെ ചെലവ് ACR,AFS എന്നിവയിൽ വ്യത്യാസപ്പെട്ടിരിക്കുന്നു.

| ഗ്രാന്റ് ഇനം | ACR പ്രകാരം | AFS പ്രകാരം(I6+B3) | വ്യത്യാസം |
|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 21690348 | 23677880 | 1987532 |
| വികസനഫണ്ട് (എസ്.സി.പി.) | 8843754 | 9640323 | 796569 |
| (റോഡ്) | 14663846 | 10946356 | 3717490 |
| Un Tied | 4956161 | 4582252 | 373909 |

## 1-2 ബജറ്റ്

| 2022-23ലെ ബജറ്റ് പാസ്സാക്കിയ തീരുമാന നം./തിയ്യതി | പുതുക്കിയ തീരുമാന നം./തിയ്യതി |
|---|---|
| 1/1 തീയതി. 30-03-2022 | 2/1 തീയതി. 29-03-2023 |

## 1-3 സാമ്പത്തിക വിശകലനം.

| | |
|---|---|
| മുന്നിരിപ്പ് | 45519043 |
| വരവ് | 211907410 |
| ആകെ | 257426453 |
| ചെലവ് | 194930839 |
| നീക്കിയിരിപ്പ് | 62495614 |

കുറിപ്പ് : 2021-22 വാർഷിക കണക്ക് പ്രകാരം 31.03.2022 ലെ നീക്കിയിരിപ്പ് 45519033/- രൂപയാണ്. അപാ
വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-4-1 ഗ്രാന്റ് യൂട്ടിലൈസേഷൻ പത്രിക-അപാകത

ഗ്രാന്റ് യൂട്ടിലൈസേഷൻ സ്റ്റേറ്റ്മെന്റിൽ താഴെ കൊടുത്ത പട്ടികയിലെ ഫണ്ടുകൾ പ്രകാരമ ചെലവ് എ.സി.ആറുമായി ചുവടെ ചേർത്ത പ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു.

| ഫണ്ട് | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് | എ.സി.ആർ |
|---|---|---|
| വികസനഫണ്ട് ജനറൽ | 23677880 | 21690348 |
| വികസനഫണ്ട് എസ്.സി.പി | 9640323 | 8843754 |
| മെയിന്റനൻസ് ഗ്രാന്റ് (റോഡ്) | 10946356 | 14663846 |

അപാകതക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-4 ഫണ്ട് വിനിയോഗം(ACR പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | വരവ് തുക | ആകെ | ചെലവ് തുക | നീക്കിബാക്കി |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 21555590 | 21555590 | 21690348 | -134758 |
| വികസനഫണ്ട് (എസ്.സി.പി) | 0 | 9042360 | 9042360 | 8843754 | 198606 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 0 | 0 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 21396000 | 21396000 | 14663846 | 6732154 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 5932000 | 5932000 | 5270219 | 661781 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-Un Tied | 0 | 4699000 | 4699000 | 4956161 | -257161 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്- Tied | 0 | 10941610 | 10941610 | 4582252 | 6359358 |
| ബി ഫണ്ട് | 0 | 48489800 | 48489800 | 48489800 | 0 |

<u>കുറിപ്പ്:</u>

1. Development Fund General എ.സി.ആർ പ്രകാരം വരവിനേക്കാൾ കൂടുതൽ തുക ചെലവഴിച്ചു (21555590/- വരവും 21690348/-രൂപ ചെലവും)

2.Cfc Untied എ.സി.ആർ പ്രകാരം വരവിനേക്കാൾ കൂടുതൽ തുക ചെലവഴിച്ചു (4699000/- രൂപ വരവും 4956 രൂപ ചെലവു)

വരവിനേക്കാൾ കൂടുതൽ ചെലവ് ചെയ്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 2022-23 | 281 | 158315672 | 172 | 79539864 | 0 | 109 | 61.2 |

<u>പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ -</u> ഇല്ല.

## 1-6 തൊഴിലുറപ്പു പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 721 | 1233822 | 1234543 | 48 | 1234495 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 34049665 | 34049665 | 34049665 | 0 |

<u>കുറിപ്പ്</u>:-MGNREGS വരവ് ചെലവ് കണക്കുകൾ വാർഷിക കണക്ക് പ്രകാരമുള്ള വിവരങ്ങള ഉൾപ്പെടുത്തിയിരിക്കുന്നത്. ആയത് NREGS കാഷ്ബുക്ക്, സെക്രട്ടറി ലഭ്യമാക്കിയ കണക്ക് എന്നിവയുമ പൊരുത്തപ്പെടുന്നില്ല. ഇക്കാര്യം വാർഷിക കണക്കിൽ അപാകതയായി ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 5817600 | 3889 |
| വിധവാപെൻഷൻ | 12252200 | 7757 |
| വാർദ്ധക്യകാലപെൻഷൻ | 24591400 | 16523 |
| വികലാംഗപെൻഷൻ | 5209400 | 3292 |
| വിവാഹ ധനസഹായം | 240000 | 8 |
| 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 379200 | 237 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോ 19.08.2023 ന് 10.40 മണിക്ക് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്ത നടത്തുകയുണ്ടായി. കളക്ഷൻ തുക അതത് ദിവസം അടവാക്കുന്നതിനാൽ ക്യാഷ് ബാല ഉണ്ടായിരുന്നില്ല.

## 1-9 ആഭ്യന്തര നിയന്ത്രണം

2022-23 വർഷ ഓഡിറ്റിന്റെ ഭാഗമായി നടത്തിയ പരിശോധനയിൽ ഗ്രാമപ്പഞ്ചായത്തിന്റെ ആഭ്യ നിയന്ത്രണ സംവിധാനത്തിൽ താഴെ പരാമർശിക്കുന്ന അപാകതകൾ കണ്ടെത്തി.

1.ഗ്രാമപ്പഞ്ചായത്തിന്റെ ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. പഞ്ചായത്തിന്റെ ആസ്തി രജിസ്റ്റ പഞ്ചായത്തിലെ മുഴുവൻ ആസ്തികളും ഉൾപ്പെട്ടിട്ടില്ല

2.പഞ്ചായത്തിന്റെ റോഡ് കണക്ടിവിറ്റി മാപ്പ്, റോഡ് കണ്ക്റ്റിവിറ്റി പ്ലാൻ എന്നിവ തയ്യാറാക്കിയിട്ടില്ല.

3.അനധികൃത കെട്ടിട നിർമ്മാണങ്ങൾ കണ്ടെത്തുന്നതിനും നിയന്ത്രിക്കുന്നതിനും പഞ്ചായ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

4.ഗ്രാമപ്പഞ്ചായത്തിലെ തെരുവ് വിളക്കുകളുടെ വ്യക്തമായ വിവരം രേഖപ്പെടുത്തി രജി സൂക്ഷിച്ചിട്ടില്ല.

5.കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ സംരക്ഷണത്തിന് ആസ്തി സംരക്ഷണ പദ്ധതി തയ്യാറാ അംഗീകരിച്ചിട്ടില്ല.

6.വിവിധ പ്രൊജക്ടുകളുടെ മോണിറ്ററിംഗ് നടത്തേണ്ട വർക്കിംഗ് ഗ്രൂപ്പുകൾ ചുമതല നിറവേറ്റുന്നില്ല.

7.അസിസ്റ്റന്റ് എഞ്ചിനിയർ കാഷ്ബുക്ക് ശരിയായ രീതിയിൽ എഴുതി സൂക്ഷിക്കുന്നില്ല.

8.അസിസ്റ്റന്റ് എഞ്ചിനിയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടുകൾ, സ്പെഷ്യൽ TSB അക്ക എന്നിവയിൽ കണക്കിൽപെടാത്ത പണം അവശേഷിക്കുന്നു

9.കൃഷി ഓഫീസറുടെ പേരിലുള്ള ട്രഷറി അക്കൗണ്ടുകളിലെ വരവ്, ചെലവ്, നീക്കിയിരുപ്പ് വിവരങ്ങ ക്യഷ് ബുക്കിൽ ചേർത്തിട്ടില്ല. മാത്രമല്ല ക്യാഷ് ബുക്ക് പ്രതിമാസ , വാർഷിക ക്ലോസിംഗ് നടത്തിയിട്ടി

10.ഓഡിറ്റ് റിപ്പോർട്ടുകളിൽ ചട്ടപ്രകാരമുള്ള തുടർ നടപടികൾ സ്വീകരിക്കുന്നില്ല.

11.വിവിധ ഏജൻസികളിലേക്ക് ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് മുൻകൂർ തുക നൽകിയ പ്രവൃത്തികളുടെ തുടർനടപടിയും പൂർത്തീകരണവും നിരീക്ഷിക്കുന്നതിനായി മുൻകൂർ രജിസ്റ്റ രേഖപ്പെടുത്തൽ നടത്തിയിട്ടില്ല. മുൻകൂർ തുക നൽകുന്ന പ്രവൃത്തികളിലും പെമെന്റ് നൽകിയ ശേഷം ILGMSൽ ഫയൽ ക്ലോസ് ചെയ്യുന്നതിനാൽ തുടർ നിരീക്ഷണം സാധ്യമല്ലാതെ വരുന്നു.

12.വിവിധ പ്രൊജക്ടുകളുടെ നടത്തിപ്പിനായി KSEB ക്ക് മുൻകൂർ നൽകിയ തുകകൾ മുൻകൂർ ഹെ ബുക്ക് ചെയ്യാതെ ചെലവ് ഹെഡിൽ ബുക്ക് ചെയ്തു.

13.അസിസ്റ്റന്റ് സെക്രട്ടറി കാഷ്ബുക്ക്, പ്രോജക്ട് രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയ്യതി |
|---|---|---|---|
| | | | |

| | | | |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 16-11-2022 | 5/2022 മുതൽ 10/2022 വരെ | 18-11-2022 |
| എ.ജി ഓഡിറ്റ് | 06.11.2013 | 2008-09 മുതൽ 2012-13 വരെ | 26.12.2013 |

## 1-11 തനത് വിഭവ സമാഹരണം- അവലോകനം

ആറാം സംസ്ഥാന ധനകാര്യകമ്മീഷന്റെ രണ്ടാമത് റിപ്പോർട്ടിലെ നിർദ്ദേശ പ്രകാരവും, കേ സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 11.07.2023ലെ ഡി.കെ.എസ്.എ.3683/എസ്.എസ്.3/2019 നമ്പർ ക പ്രകാരം ലഭ്യമാക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ചും വിഭവ സമാഹരണത്തിന്റെ കാര്യക്ഷമത പ്രാധാന്യം നൽകിക്കൊണ്ട് നടത്തിയ പരിശോധന പ്രകാരം ലഭ്യമായ വിവരങ്ങൾ താഴെ ചേർക്കുന്നു.

1) ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രവർത്തനം.

- 2022-23 വർഷത്തെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മിനിറ്റ്സുകൾ പരിശോധിച്ചതിൽ 18 മീറ്റിംഗു കൂടിയിട്ടുണ്ടെങ്കിലും നികുതി പിരിവിന്റെ പുരോഗതി വിവരം, പൊളിച്ചു കളഞ്ഞ കെട്ടിടങ്ങള നികുതി ഒഴിവാക്കൽ, വരവ്-ചെലവ് കണക്കുകളുടെ അംഗീകാരം എന്നിവയാണ് പ്ര അജണ്ടയായി ഉൾപ്പെടുത്തിയിട്ടുള്ളത്. പഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന പുതിയ വിഭവസ്രോതസുകളെക്കുറിച്ചുള്ള ആലോചനകളൊന്നും കമ്മിറ്റിയിൽ നടന്നിട്ടില്ല
- ആറാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ റിപ്പോർട്ടിലെ ശുപാർശ പ്രകാരം എല്ലാ പ്രാദേശ സർക്കാറും നികുതി വരുമാനത്തിന്റെ ഡി.സി.ബി സ്റ്റേറ്റ്മെന്റ് തയ്യാറാക്കി മ മാസത്തിലൊരിക്കലെങ്കിലും ഭരണസമിതി ചർച്ച ചെയ്ത് ആവശ്യമായ നിർദ്ദേശങ്ങൾ ഉദ്യോഗസ്ഥ നൽകേണ്ടതാണെന്നും, നികുതി പിരിവിന്റെയും നികുതിയേതര വരവിന്റെയും അവലോകനം മ മാസത്തിലൊരിക്കൽ ഗ്രാമസഭകളിലും വാർഡ് മീറ്റിംഗുകളിലും നടത്തേണ്ടതാണെ നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഇത്തരം നടപടികളൊന്നും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയോ പഞ്ചായ ഭരണസമിതിയോ കൈക്കൊണ്ടതായി കാണുന്നില്ല.

2)വസ്തുനികുതി.

സ.ഉ(കൈ) നം.77/2023/LSGD തീയതി. 22.03.2023 നമ്പർ പ്രകാരം കേരളത്തിലെ എ ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പുതു നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങളുടെന അടിസ്ഥാനത്തിൽ കാവനൂർ ഗ്രാമപഞ്ചായ വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

- നിലവിലുള്ള കെട്ടിടങ്ങളുടെ നികുതി അടുത്ത അഞ്ചു വർഷങ്ങളിലേക്ക് ഓരോ വർഷ നിലവിലുള്ള നിരക്കിന്റെ 5% വീതം 01.04.2023 പ്രാബല്യത്തിൽ വർദ്ധനവ് വരുത്തിയിട്ടുണ്ട്.
- ഗ്രാമ പഞ്ചായത്ത് പ്രദേശത്തെ വിവിധ മേഖലകളാക്കി തിരിക്കൽ, റോഡുകളുടെ വർഗ്ഗീകര എന്നിവ16-5-23ലെ 19(1) നമ്പർ തീരുമാന പ്രകാരവും താത്ക്കാലികമായി അംഗീകരിച്ചിട്ടുണ്ട്.
- കെട്ടിടങ്ങൾക്ക് അവയുടെ ഉപയോഗ ക്രമത്തിന്റെ അടിസ്ഥാനത്തിൽ ഈടാക്കേണ്ട അടിസ്ഥാന ന നികുതി നിരക്കുകൾ, ഗ്രാമ പഞ്ചായത്ത് പ്രദേശത്തെ വിവിധ മേഖലകളാക്കി തിരിക റോഡുകളുടെ വർഗ്ഗീകരണം എന്നിവ അംഗീകരിച്ചിട്ടുണ്ട്.
- റോഡുകളുടെ തരം നിർണ്ണയിച്ചത് വാർഡു തല റോഡ്മാപ്പിൽ രേഖപ്പെടുത്തിയിട്ടില്ല.
- പുതുക്കിയ വസ്തുനികുതി നിരക്ക്, മേഖലകൾ പുതുക്കി നിശ്ചയിക്കൽ, വഴി സൗകര്യത്തിന അടിസ്ഥാനത്തിലുള്ള തരം തിരിവ് എന്നിവയുടെ അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടെങ്ക് സഞ്ചയ സോഫ്റ്റ്‌വെയറിലെ നികുതി നിരക്കുകളിൽ മാറ്റം വരുത്തിയിട്ടില്ല.
- വസ്തു നികുതി നിർണ്ണയിക്കപ്പെട്ട ശേഷം കെട്ടിടത്തിന്റെ തറ വിസ്തീർണ്ണത്തിലോ ഉപയോഗത്തി വരുത്തുന്ന മാറ്റം ഗ്രാമപഞ്ചായത്തിനെ യഥാസമയം രേഖാമൂലം അറിയിക്കാത്ത കെട്ടിട ഉടമക ഈ വിവരം ഫോറം 9B ഉപയോഗിച്ച് ഓൺലൈനായോ നേരിട്ടോ അറിയിക്കുന്നതിനായി 2023 മെ വരെ സമയം നൽകിയിരുന്നു. ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം ലഭിച്ച 1125 അപേക്ഷകളിൽ യാതൊ നടപടികളും സ്വീകരിച്ചിട്ടില്ല.
- കെട്ടിട ഉടമ വിവരം അറിയിച്ചാലും ഇല്ലെങ്കിലും കെട്ടിടങ്ങളുടെ ശരിയായ വിവരം ഫീ പരിശോധന നടത്തി 30.06.2023 ന് മുമ്പായി നികുതി പുനർനിർണ്ണയം പൂർത്തീകരിക്കേണ്ടതായിരുന്നു

3)തൊഴിൽ നികുതി

ഗ്രാമപഞ്ചായത്തിലെ തൊഴിൽ ഡിമാന്റ് രജിസ്റ്ററും അനുബന്ധ രേഖകളും പരിശോധിച്ചതിൽ നിക വരുമാനം വർദ്ധിപ്പിക്കുന്നതിന് കാര്യക്ഷമമായ കൂടുതൽ നടപടികൾ ആവശ്യമാണെന്ന് ഓഡ വിലയിരുത്തുന്നു.

1). കേരളാ പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം ഏതെങ്കിലും കമ്പനി വ്യക്തിയോ ഒരു അർദ്ധവർഷത്തേക്ക് തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥനാണെ അങ്ങിനെയുള്ള കമ്പനിയോട്/വ്യക്തിയോട് ഒരു റിട്ടേൺ സമർപ്പിക്കാൻ ആവശ്യപ്പെടാവുന്നതും ചട്ട പ്രകാരം സെക്രട്ടറി നികുതിദായകരുടെ ബിൽ/ഡിമാന്റ് നോട്ടീസ് തയ്യാറാക്കി തൊഴിലുട

അയക്കേണ്ടതുമാണ്. ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം ഡിമാന്റ് നോട്ടീസ് വിതര നടത്തുന്നുണ്ടെങ്കിലും ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള സ്ഥാപനങ്ങൾ, ജീവനക്കാർ, പ്രിസംപ്റ്റീവ് ഒടുക്കാൻ ബാദ്ധ്യസ്ഥരായവർ, സ്വകാര്യ സ്കൂളുകൾ/കോളേജുകൾ തുടങ്ങി തൊഴിൽ നികുതി ഒടുക്ക ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാ ബേസ് തയ്യാറാക്കി സൂക്ഷിക്കുന്നതിനുള്ള സംവിധ നിലവിൽ ഗ്രാമപഞ്ചായത്തുകളിൽ ഇല്ല. ആയതിനാൽ ഗ്രാമപഞ്ചായത്തിൽ തൊഴിൽ നിക അടവാക്കാൻ ബാധ്യസ്ഥരായ എല്ലാവരിൽ നിന്നും നികുതി ഈടാക്കുന്നുണ്ടോയെന്ന് പരിശോ ഉറപ്പുവരുത്താൻ സാധിച്ചിട്ടില്ല.

2). സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.01.2019 ലെ നമ്പർ (സി എസ്) എ9-764/2019 സർക്കുലർ, ജി.ഒ 143/2008 തസ്വഭവ/തീയതി. 27.05.2008 സർക്കാർ ഉത്തരവ് എന്നിവ പ്രകാരം റേഷൻ കടക ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി, ലൈസൻസ് ഫീസ് എന്നിവ നിലവിൽ ഗ്രാമപഞ്ചായ ഈടാക്കുന്നില്ല.

3). കേരളാ പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 13പ്രകാരം ഏതെങ്ക് കെട്ടിടത്തിന്റെയോ ഭൂമിയുടെയോ ഉടമസ്ഥനോടും അല്ലെങ്കിൽ കൈവശക്കാരനോടും മുറി കൈവശം വച്ചിരിക്കുന്ന എല്ലാവരുടെയും പേര് അടങ്ങിയിട്ടുള്ളതും, അങ്ങിനെയുള്ള ഏതൊരാളുടെ തൊഴിലിനേയോ, കലയേയോ, ഉദ്യോഗത്തേയോ സംബന്ധിച്ചും അയാൾ വാടക കൊടുക്കുന്നുണ്ടെ അതിനെ സംബന്ധിച്ചും അങ്ങനെ കൈവശം വച്ച കാലത്തെ സംബന്ധിച്ചും വിവരിച്ചുകൊണ്ടുള്ളതു രേഖാമൂലമുള്ള ഒരു ലിസ്റ്റ് നിർദ്ദിഷ്ട സമയത്തിനുള്ളിൽ സമർപ്പിക്കാനാവശ്യപ്പെടേണ്ടതാണ്. എന്ന ഇപ്രകാരമുള്ള നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കുന്നില്ല

<u>മറ്റിനങ്ങൾ</u>

1.ഗ്രാമപഞ്ചായത്ത് പരിധിയിൽ ട്യൂട്ടോറിയൽ സ്ഥാപനങ്ങളിൽ നിന്നും രജിസ്ട്രേഷൻ ഫീസ്,തൊ നികുതി എന്നീ ഇനങ്ങളിൽ വരവില്ല.ഗ്രാമപഞ്ചായത്ത് പരിധിയിൽ ഇത്തരം സ്ഥാപന പ്രവർത്തിക്കുന്നുണ്ടോ എന്ന വിവരം ലഭ്യമല്ല.

2.ആശുപത്രികൾ/പാരാ മെഡിക്കൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ ഫീസ് എന്നീ ഇനങ്ങളിൽ വരവ ഉണ്ടെങ്കിലും ഡിമാന്റ് രജിസ്റ്ററിൽ നിന്നും ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ഇത മുഴുവൻ സ്ഥാപനങ്ങളുടെയും ലിസ്റ്റ് ലഭ്യമല്ലാത്തതിനാൽ ഈ ഇനത്തിലുള്ള വരവ് പൂർണ്ണമാണോ ഉറപ്പുവരുത്താനായിട്ടില്ല.

<u>3.വാടക</u>

പഞ്ചായത്ത് ഉടമസ്ഥതയിലുള്ള 3 റൂമുകൾ വാടകക്ക് നൽകിയിട്ടുണ്ട്. വാടക കുടിശ്ശിക 40570/- ഈടാക്കാനവശേഷിക്കുന്നുണ്ട്.

തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികളിൽ മേൽ പരാമർശിച്ച അപാകതകൾക്ക് മറു ലഭ്യമാക്കേണ്ടതും, പഞ്ചായത്തിന്റെ തനതുവരുമാനം വർദ്ധിപ്പിക്കുന്നതിനായി മറ്റു നടപടി എന്തെങ്കിലും കൈക്കൊണ്ടിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം അറിയിക്കേണ്ടതുമാണ്.

ഇത് സബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (31/18-8-23) ന് മറുപടി ലഭ്യമായില്ല. ഗ്രാമപഞ്ചായത്തിന്റെ ത വരുമാനം വർദ്ധിപ്പിക്കുന്നതിന് കാര്യക്ഷമമായ നടപടികൾ സ്വീകരിക്കുന്നതിന് ഭരണസമിതിയ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. ഗ്രാമപഞ്ചായത്തിന്റെ തനതുവരുമാനം വർദ്ധിപ്പിക്കുന്നതിനായി നടപടികൾ എന്തെങ്കിലും കൈക്കൊണ്ടിട്ടുണ്ടെങ്കിൽ വിവരം അറിയിക്കേണ്ടതാണ്.

## <u>1-12 നിക്ഷേപ പ്രവൃത്തികളിൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന മുൻകൂറുകൾ - അവലോകനം</u>

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതി നിർവ്വഹണത്തിന് വേണ്ടി വിവിധ ഏജൻസിക മുൻകൂറായി തുക ഡിപ്പോസിറ്റ് ചെയ്തു വരുന്നുണ്ട്. സാങ്കേതിക കാരണങ്ങളാൽ പ്രവൃ ഉപേക്ഷിക്കുകയോ, പൂർത്തീകരിക്കാതിരിക്കുകയോ ചെയ്യുമ്പോൾ ഡിപ്പോസിറ്റ് തുക പൂർണമാ പൂർത്തീകരിച്ച പ്രവൃത്തികളിൽ വിനിയോഗ സാക്ഷ്യപത്രം/ മൂല്യ നിർണ്ണയം പ്രകാരമുള്ള കഴിച്ചുള്ള തുകയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് തിരിച്ച് നൽകുന്നതിൽ ഏജൻസികൾ വ വരുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ട്.

12, 13 പഞ്ചവത്സരപദ്ധതി കാലയളവിൽ (2012-13 മുതൽ 2021-22വരെ) പദ്ധതി നിർവ്വഹണത്തിന് വേ വിവിധ ഏജൻസികളിൽ ഡിപ്പോസിറ്റ് ചെയ്ത തുകകളിൽ ചുവടെ ചേർത്തിട്ടുള്ള പ്രവൃത്തിക ഡിപ്പോസിറ്റ് തുകകൾ ക്രമീകരിക്കാൻ അവശേഷിക്കുന്നതായി കാണുന്നു.

| ക്രമനം. | പ്രൊജക്ട് | സാമ്പത്തിക വർഷം | ഏജൻസി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക (വിനിയോഗ സാക്ഷ്യപത്രം/ മൂല്യ നിർണ്ണയം പ്രകാരം) | ചെലവഴിക്കാ ക്രമീകരിക്ക അവശേഷിക്ക തുക |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 1 | 69/21 ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 2020-21 | KSEB | 82243 | 0 | 82243 |
| 2 | 66/21 കുഴൽ കിണറുകളുടെ റിപ്പയറിംഗ് | 2020-21 | GWD | 29475 | 0 | 29475 |

മേൽ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിനിയോഗ സാക്ഷ്യപ ലഭ്യമാക്കേണ്ടതാണ്. പ്രസ്തുത പ്രവൃത്തികൾക്ക് നൽകിയ മുൻകൂറുകൾ അഡ്വാൻസ് രജിസ്റ്റ രേഖപ്പെടുത്തിയതായി കാണുന്നില്ല. ഓഡിറ്റ് എൻക്വയറി നം.13/22-23/16.08.23 ന് മറുപടി ലഭ്യമാക്കിയിട്ട്

## <u>1-13 തൊഴിൽ നികുതി ഈടാക്കിയില്ല</u>

ഗ്രാമപഞ്ചായത്തിലെ തൊഴിൽ നികുതി രജിസ്റ്റർ, റിട്ടേണുകൾ, മറ്റ് അനുബന്ധ രേഖകൾ എന്ന പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

**<u>1.തൊഴിൽ നികുതി- അടവാക്കിയില്ല.</u>**

1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമത്തിലെ സെക്ഷൻ 204 , 1996 ലെ കേരളാ പഞ്ചായത്ത് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം ഒരു പഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധവർഷത്ത അറുപത് ദിവസത്തിൽ കുറയാതെ ഇടപാടു നടത്തുന്ന ഏതൊരു സ്ഥാപനത്തിൽ നിന്നും ,ബിസി നടത്തുകയോ തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെടുകയോ പൊതുവായോ സ്വകാര്യമാ ഉദ്യോഗ്യം വഹിക്കുകയോ ചെയ്യുന്ന ഏതൊരാളിൽ നിന്നും തൊഴിൽ നികുതി ചുമത്താവുന്നതാണ് എ വ്യക്തമാക്കിയിട്ടുണ്ട് . ഗ്രാമപഞ്ചായത്തിലെ തൊഴിൽ നികുതി രജിസ്റ്ററും റിട്ടേണുക പരിശോധിച്ചതിൽ ചുവടെ ചേർത്ത സ്ഥാപനത്തിലെ ജീവനക്കാരുടെ തൊഴിൽ നിക അടവാക്കിയതായി കാണുന്നില്ല.

1.ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നം | സ്ഥാപനം | ലൈസൻസ് നം | ജീവനക്കാരുടെ എണ്ണം | അപാകത |
|---|---|---|---|---|
| 1 | PK ഫർണ്ണിച്ചർ തോട്ടിലങ്ങാടി 10/239/B | C3-1665/20-4-22 | 5 | 2022-23ൽ വ്യാപാര ലൈസൻസ് എടുത്തിട്ടുണ്ട്.സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ട്.എന്നാൽ ടി സ്ഥാപനത്തിലെ ജീവനക്കാരുടെ ഒന്ന്,രണ്ട് അർദ്ധ വർഷത്തെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. |
| 2 | കെടീസ് വുഡ് വർക്ക് | C3-1196/1-4-22 | 4 | 2022-23 മുതൽ 2024-25 വർഷത്തേക്ക് വ്യാപാര ലൈസൻസ് എടുത്തിട്ടുണ്ട്.സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ട്.എന്നാൽ ടി സ്ഥാപനത്തിലെ ജീവനക്കാരുടെ ഒന്ന്,രണ്ട് അർദ്ധ വർഷത്തെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. |
| 3 | സലോമിൻ അക്വ | C3-1234/1-4-22 | 9 | 2022-23ൽ വ്യാപാര ലൈസൻസ് എടുത്തിട്ടുണ്ട്.സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ട്.എന്നാൽ ടി സ്ഥാപനത്തിലെ ജീവനക്കാരുടെ ഒന്ന്,രണ്ട് അർദ്ധ വർഷത്തെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. |

| | | | | |
|---|---|---|---|---|
| 4 | ഏറനാട് സോ മിൽ | C3-1464/1-4-12 | 6 | 2022-23ൽ വ്യാപാര ലൈസൻസ് എടുത്തിട്ടുണ്ട്. സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ട്.എന്നാൽ ടി സ്ഥാപനത്തിലെ ജീവനക്കാരുടെ ഒന്ന്,രണ്ട് അർദ്ധ വർഷത്തെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. |
| 5 | പ്രിൻസ് സോ മിൽ | C3-1462/1-4-22 | 6 | 2022-23ൽ വ്യാപാര ലൈസൻസ് എടുത്തിട്ടുണ്ട്. സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ട്.എന്നാൽ ടി സ്ഥാപനത്തിലെ ജീവനക്കാരുടെ ഒന്ന്, രണ്ട് അർദ്ധ വർഷത്തെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. |
| 6 | കെം ക ഫുഡ് പാർക്ക് LLP | C3-1090/1-4-22 | 6 | 2022-23 മുതൽ 2024-25 വർഷത്തേക്ക് വ്യാപാര ലൈസൻസ് എടുത്തിട്ടുണ്ട്. സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ട്.എന്നാൽ ടി സ്ഥാപനത്തിലെ ജീവനക്കാരുടെ ഒന്ന്,രണ്ട് അർദ്ധ വർഷത്തെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. |
| 7 | ഫ്രണ്ട് വുഡ് വർക്ക്സ് | C3-761/1-4-22 | 6 | 2022-23 മുതൽ 2024-25 വർഷത്തേക്ക് വ്യാപാര ലൈസൻസ് എടുത്തിട്ടുണ്ട്. സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ട്.എന്നാൽ ടി സ്ഥാപനത്തിലെ ജീവനക്കാരുടെ ഒന്ന്,രണ്ട് അർദ്ധ വർഷത്തെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. |
| 8 | ഫ്രണ്ട് വുഡ് മാനഫാക്ചറിംഗ് &ട്രേഡിംഗ് വർക്ക്സ് | C3-751/1-4-22 | 20 | 2022-23 മുതൽ 2025-26 വർഷത്തേക്ക് വ്യാപാര ലൈസൻസ് എടുത്തിട്ടുണ്ട്. സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ട്. എന്നാൽ ടി സ്ഥാപനത്തിലെ ജീവനക്കാരുടെ ഒന്ന്, രണ്ട് അർദ്ധ വർഷത്തെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. |
| 9 | റയ്യാൻ ഫർണിച്ചർ | C3-749/1-4-22 | 4 | 2022-23 വർഷത്തേക്ക് വ്യാപാര ലൈസൻസ് എടുത്തിട്ടുണ്ട്. സ്ഥാപന തൊഴിൽ നികുതി |

| | | | | |
|---|---|---|---|---|
| | | | | ഈടാക്കിയിട്ടുണ്ട്. എന്നാൽ ടി സ്ഥാപനത്തിലെ ജീവനക്കാരുടെ ഒന്ന്, രണ്ട് അർദ്ധ വർഷത്തെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. |
| 10 | തൗഫീഖ് വുഡ് വർക്ക്സ് | C3-653/1-4-22 | 4 | 2022-23 വർഷത്തേക്ക് വ്യാപാര ലൈസൻസ് എടുത്തിട്ടുണ്ട്. 2500/-രൂപ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ട്. എന്നാൽ ടി സ്ഥാപനത്തിലെ ജീവനക്കാരുടെ ഒന്ന് , രണ്ട് അർദ്ധ വർഷത്തെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. |
| 11 | പാലത്തിങ്ങൽ പെട്രോളിയം | ലഭ്യമല്ല | ലഭ്യമല്ല | 2022-23 വർഷത്തേക്ക് വ്യാപാര ലൈസൻസ് എടുത്തിട്ടുണ്ട്. 2500/-രൂപ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ട്. എന്നാൽ ടി സ്ഥാപനത്തിലെ ജീവനക്കാരുടെ ഒന്ന്,രണ്ട് അർദ്ധ വർഷത്തെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. |
| 12 | ജനകീയ ഹോട്ടൽ | ലഭ്യമല്ല | 5 | 2022-23 വർഷത്തേക്ക് വ്യാപാര ലൈസൻസ് എടുത്തിട്ടുണ്ട്. 500/-രൂപ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ട്. എന്നാൽ ടി സ്ഥാപനത്തിലെ ജീവനക്കാരുടെ ഒന്ന്, രണ്ട് അർദ്ധ വർഷത്തെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. |
| 13 | മാവേലി സ്റ്റോർ | ലഭ്യമല്ല | ലഭ്യമല്ല | 2022-23 വർഷത്തേക്ക് വ്യാപാര ലൈസൻസ് എടുത്തിട്ടുണ്ട്. 2500/-രൂപ ദിവ്യ എം (ASM) ന്റെ തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ട്. എന്നാൽ ടി സ്ഥാപനത്തിലെ താത്കാലിക ജീവനക്കാരുടെ ഒന്ന്, രണ്ട് അർദ്ധ വർഷത്തെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. |

2.ഗ്രാമപഞ്ചായത്ത് പരിധിയിവുള്ള മുഴുവൻ പെട്രോൾ പമ്പുകളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ രേഖകൾ ലഭ്യമാക്കേണ്ടതാണ്.

മേൽ അപാകത പരാമർശിച്ച് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (47/21-8-23) മറു ലഭ്യമാക്കിയില്ല. ഗ്രാമപഞ്ചായത്ത് പരിധിയിൽ തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥ എല്ലാസ്ഥാപനങ്ങളും /ജീവനക്കാരും ചട്ടപ്രകാരം നികുതി അടവാക്കുന്നു എന്ന് സെക്രട്ടറി ഉ വരുത്തേണ്ടതാണ്. തൊഴിൽ നികുതി ഈടാക്കാൻ സ്വീകരിച്ചതിന്റെ തുടർ നടപടി വി അറിയിക്കേണ്ടതുമാണ്.

## 1-14 കെട്ടിടത്തിന്റെ മുഴുവൻ ഏരിയക്കും വസ്തു നികുതി ചുമത്തിയില്ല

2011 ലെ കേരളാ പഞ്ചായത്ത് രാജ് (വസ്തു നികതിയും സേവന ഉപനികുതിയും സർചാർജ ചട്ടങ്ങളിലെ ചട്ടം 3 (4) പ്രകാരം ഒരു കെട്ടിടത്തിന്റെ ഏതെങ്കിലും ഭാഗം പൊതു ഉപയോഗത്തിന നീക്കിവെച്ചിട്ടുണ്ടെങ്കിൽ ആ ഭാഗത്തിന്റെ തറ വിസ്തീർണ്ണം ആനുപാതികമായി മറ്റു ഭാഗങ്ങള തറവിസ്തീർണ്ണത്തോടു കൂട്ടിചേർത്ത് ആ ഭാഗങ്ങളുടെ വസ്തു നികുതി നിർണ്ണയിക്കേണ്ടതാണ് വ്യക്തമാക്കിയിട്ടുണ്ട്.

എന്നാൽ ഗ്രാമപഞ്ചായത്തിലെ വസ്തു നികുതി നിർണ്ണയിച്ച് നമ്പറിംഗിനായി സമർപ്പിച്ച ഫ പരിശോധിച്ചതിൽ കെട്ടിടത്തിന്റെ മുഴുവൻ ഏരിയക്കും വസ്തു നികുതി ചുമത്തിയില്ല വ്യക്തമായി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| ഫയൽ നമ്പർ | S3-2437/22/23-7-22 |
| കെട്ടിട ഉടമ | സുരേഷ് കളരിക്കൽ |
| സർവ്വെ നമ്പർ | 391/127<br>391/26 |
| ഉപയോഗക്രമം | വാണിജ്യം |
| പൂർത്തീകരണ പ്ലാൻ പ്രകാരം കെട്ടിടത്തിന്റെ ആകെ വിസ്തീർണ്ണം | GF-76.04m2<br>FF-96.30m2<br>STAIR-15.72m2<br>Total- 188.06m2 |
| വസ്തു നികുതി നിർണ്ണയിച്ച വിസ്തീർണ്ണം | 176.41m2<br>(വാണിജ്യം) |
| അനുവദിച്ച കെട്ടിട നമ്പർ | 9/190A |

മേൽ പരാമർശത്തിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(24/18-8-23) മറുപടി ലഭ്യമാക്കിയിട്ടില്ല.

വസ്തുനികുതി കണക്കാക്കുമ്പോൾ ചട്ടപ്രകാരം ആവശ്യമായ കെട്ടിടത്തിന്റെ എല്ലാ ഭാഗത്ത് നികുതി നിർണ്ണയിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതും വസ്തു നികുതി പുനർനിർണ്ണയിച്ച് വി അറിയിക്കേണ്ടതുമാണ്.

## 1-15 റോഡിന്റെ തരം തെറ്റായി രേഖപ്പെടുത്തി- വസ്തു നികുതി നിർണ്ണയിച്ചതിൽ കുറവ്

2011 ലെ കേരളാ പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജും) ചട്ടങ്ങള ചട്ടം 6 ലെ പട്ടിക 2 പ്രകാരം 5 മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡിൽ നി പ്രവേശനമാർഗ്ഗമുള്ള കെട്ടിടങ്ങൾക്ക് നികുതിയിൽ 20% വർദ്ധനവ് നൽകേണ്ടതാണ്.

2022-23 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്ത് നമ്പർ നൽകി വസ്തു നികുതി നിർണ്ണയിച്ച ഫയലു പരിശോധിച്ചതിൽ മേൽചട്ടപ്രകാരമുള്ള നികുതി വർദ്ധനവ് വരുത്താത്തതിനാൽ നികുതിയിനത്ത നഷ്ടം വന്നിട്ടുണ്ട്. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | കെട്ടിട ഉടമ/സർവ്വെ നമ്പർ | കെട്ടിടനമ്പർ വിസ്തീർണ്ണം | കുറിപ്പ് |
|---|---|---|---|
| 1 | അഷ്റഫ് കുണ്ടാടി&അഹമ്മദ് കുണ്ടാടി<br>30-104/8-1<br>30/104/8 | 1/519c(വാണിജ്യം)<br>19.86ച മീ | അംഗീകൃത പ്ലാൻ പ്രകാരം കെട്ടിടം സ്ഥിതി ചെയ്യുന്നത് **9.9മീറ്റർ** വീതിയുള്ള റോഡിന് സമീപത്താണ്. ആയത് പ്രകാരമുള്ള 20% വർദ്ധനവ് ഉൾപ്പെടുത്താതെയാണ് നികുതി നിർണ്ണയിച്ചത്.2022-23 ഫസ്റ്റ് ഹാഫ് മുതൽ നികുതി പ്രാബല്ല്യം |
| | | 1/519D(വാണിജ്യം)<br>19.89ച മീ | |
| | | 1/519E(വാണിജ്യം)<br>22.84ച മീ | |
| | | 1/519F(വാണിജ്യം)<br>19.91ച മീ | |
| | | 1/519I(വാണിജ്യം)<br>19.43ച മീ | |
| | | 1/519J(വാണിജ്യം)<br>18.36ച മീ | |
| | | 1/519R(പാർപ്പിടം)<br>48.6ച മീ | |
| | | 1/519Q(പാർപ്പിടം)<br>21ച മീ | |
| | | 1/519K(വാണിജ്യം)<br>15.57ച മീ | |
| | | 1/519L(പാർപ്പിടം)<br>22 ച മീ | |
| | | 1/519M(പാർപ്പിടം)<br>22ച മീ | |
| | | 1/519O(പാർപ്പിടം)<br>22ച മീ | |
| | | 1/519N(പാർപ്പിടം)<br>22ച മീ(പാർപ്പിടം) | |
| | | 1/519P(പാർപ്പിടം)<br>22ച മീ | |
| 2 | ടി കെ രാധാകൃഷ്ണൻ രാമൻകുളത്തിങ്ങൽ വീട്<br>399/2-1 | 9/131(പാർപ്പിടം)<br>126ച മീ | അംഗീകൃത പ്ലാൻ പ്രകാരം കെട്ടിടം സ്ഥിതി ചെയ്യുന്നത് **8.48മീറ്റർ** വീതിയുള്ള റോഡിന് സമീപത്താണ്. ആയത് പ്രകാരമുള്ള 20% വർദ്ധനവ് ഉൾപ്പെടുത്താതെയാണ് നികുതി നിർണ്ണയിച്ചത്.2022-23 ഫസ്റ്റ് ഹാഫ് മുതൽ നികുതി പ്രാബല്ല്യം |
| 3 | മുഹമ്മദ് കോലോത്തുംതൊടി<br>516/2-1 | 10/374B(വ്യവസായം)<br>149.58ച മീ | അംഗീകൃത പ്ലാൻ പ്രകാരം കെട്ടിടം സ്ഥിതി ചെയ്യുന്നത് **11മീറ്റർ** വീതിയുള്ള റോഡിന് സമീപത്താണ്. ആയത് |
| | | 10/374C ആവശ്യത്തിനുള്ളവ (വ്യവസായ | |

| | | | |
|---|---|---|---|
| | | ശാലകളുടെ ഓഫീസ് കെട്ടിടം ) 47.18 ച മീ | പ്രകാരമുള്ള 20% വർദ്ധനവ് ഉൾപ്പെടുത്താതെയാണ് നികുതി നിർണ്ണയിച്ചത്.2022-23 ഫസ്റ്റ് ഹാഫ് മുതൽ നികുതി പ്രാബല്യം |
| 4 | അബ്ദുസലാം(വാച്ചപുറത്ത് വീട്,ചിറപ്പാലം, 30-29-19 | 1/189 A(വാണിജ്യം) 269.48ച മീ | അംഗീകൃത പ്ലാൻ പ്രകാരം കെട്ടിടം സ്ഥിതി ചെയ്യുന്നത് **9മീറ്റർ** വീതിയുള്ള റോഡിന് സമീപത്താണ്. ആയത് പ്രകാരമുള്ള 20% വർദ്ധനവ് ഉൾപ്പെടുത്താതെയാണ് നികുതി നിർണ്ണയിച്ചത്.2022-23 സെക്കന്റ് ഹാഫ് മുതൽ നികുതി പ്രാബല്യം |
| 5 | കല്ലുവെട്ടിക്കുഴിയിൽ ഗംഗാധരൻ എന്ന ജയരാജൻ(ശ്രീരാഗം വീട് | 16/349A(വാണിജ്യം) 10.9ചമീ | കെട്ടിടം സ്ഥിതി ചെയ്യുന്നത് **5മീറ്റർ** വീതിയുള്ള റോഡിന് സമീപത്താണ്. ആയത് പ്രകാരമുള്ള 20% വർദ്ധനവ് ഉൾപ്പെടുത്താതെയാണ് നികുതി നിർണ്ണയിച്ചത്.2022-23 ഫസ്റ്റ് ഹാഫ് മുതൽ നികുതി പ്രാബല്യം |
| 6 | സേതുമാധവൻ (പട്ടാർപറമ്പിൽ വീട്, കാവനൂർ, 30-97/16 | 1/26A(വാണിജ്യം) 53.25ചമീ<br>1/26B(വാണിജ്യം) 53.25ചമീ<br>1/26C(വാണിജ്യം) 52.25ചമീ | അംഗീകൃത പ്ലാൻ പ്രകാരം കെട്ടിടം സ്ഥിതി ചെയ്യുന്നത് **5.7മീറ്റർ** വീതിയുള്ള റോഡിന് സമീപത്താണ്. ആയത് പ്രകാരമുള്ള 20% വർദ്ധനവ് ഉൾപ്പെടുത്താതെയാണ് നികുതി നിർണ്ണയിച്ചത്.2022-23 സെക്കന്റ് ഹാഫ് മുതൽ നികുതി പ്രാബല്യം |

വസ്തുനികുതി നിർണ്ണയത്തിൽ വന്ന അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനായി നൽ ഓഡിറ്റ് എൻക്വയറിക്ക്(25/18-823) മറുപടി ലഭ്യമാക്കിയിട്ടില്ല. നികുതി പുനർനിർണ്ണയിച്ച് കുടി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-16 അനധികൃത കെട്ടിടങ്ങൾ - നിയമപ്രകാരമുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

കേരള പഞ്ചായത്ത് രാജ് ( വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും ) ചട്ടങ്ങളിലെ . 20 പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങൾക്ക് വസ്തു നികുതി ചുമത്തേ എങ്ങനെയാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്.

പഞ്ചായത്ത് പ്രദേശത്തെ അനധികൃത നിർമ്മിതികൾ കണ്ടെത്തുന്നതിനും അനധി നിർമ്മിതികൾക്കെതിരെ നിയമപ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതിനും പഞ്ചായ നടപടിയൊന്നും സ്വീകരിച്ചിട്ടില്ല.

മേൽ ചട്ടങ്ങളിലെ നിർദ്ദേശങ്ങൾക്കനുസരിച്ച് പഞ്ചായത്തിലെ അനധികൃത നിർമ്മിതികളിൽ ന
വസ്തു നികുതി ഈടാക്കുന്നതിന് പഞ്ചായത്ത് സ്വീകരിച്ച നടപടികളുടെ വിവരം, UA നമ്പർ നൽകി ന
നികുതി ഈടാക്കിയ കെട്ടിടങ്ങളുടെ വിവരം എന്നിവ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡ
എൻക്വയറിക്ക് ( 36/19-08-23) മറുപടി ലഭ്യമാക്കിയിട്ടില്ല.
അനധികൃത നിർമ്മിതികൾക്കെതിരെ കേരള പഞ്ചായത്ത് രാജ് നിയമം, ചട്ടങ്ങൾ എന്നിവ പ്രകാരമ
നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-17 സ്കൂളുകളിലെ അനധികൃ കെട്ടിടങ്ങൾ - നടപടി സ്വീകരിച്ചിട്ടില്ല

പഞ്ചായത്തിൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റിന് വേണ്ടി വിവിധ സ്കൂളുകൾ സമർപ്പിച്ച അപേക്ഷ
പരിശോധിച്ചതിൽ പ്രസ്തുത അപേക്ഷയിൽ അവകാശപ്പെട്ട കെട്ടിടങ്ങൾ പൂർണ്ണമായി പഞ്ചായത്ത
നമ്പർ നൽകി അധികൃതമാക്കപ്പെട്ടിട്ടില്ല എന്ന് വ്യക്തമായി. ഏതാനും സ്ഥാപനങ്ങളുടെ അപേക്ഷ
പരിശോധിച്ചതിൽ ലഭ്യമായ വിവരം താഴെ നൽകുന്നു.

| സ്കൂൾ | പഞ്ചായത്ത് നമ്പർ നൽകിയ കെട്ടിടത്തിന്റെ വിവരം | ഫിറ്റ്നസ് സർട്ടിഫിക്കറ്റിനുള്ള അപേക്ഷയിൽ അവകാശപ്പെട്ട ക്ലാസ്സ് മുറികളുടെ വിസ്തീർണ്ണം |
|---|---|---|
| MAOHSS<br>എളയൂർ | 17/ 425 – 80 Sqm (GF)<br>17/ 426 – 40 Sqm (GF)<br>17/ 427 – 25 Sqm (GF)<br>17/ 427A –25 Sqm (GF)<br>**TOTAL 170 Sqm** | 6x6.22x 6.55 = 244.47 (GF – 6 Room )<br>6x6.22x 6.55 = 244.47 (FF – 6 Room )<br>1x9.35x6.55 = 61.24 (SF – 1 Room )<br>1x 28.52x6.55 = 186.81 (SF – 1 Hall )<br>38.32x 6.55 = 251. ( Temp Hall )<br>**TOTAL – 987.99** |
| MAOHS<br>എളയൂർ | | 3x6.05x 6.1 = 110.72 (GF – 3 Room )<br>3x6.1x 6.2 = 113.46 (FF – 3 Room )<br>**TOTAL 224.18** |
| MAOUPS<br>എളയൂർ | | 6x 6.1x6.25 = 228.75<br>3x 6.1x6.20 = 113.46<br>1x6.25x6.2 = 38.75<br>1x 6.35x 6.2 = 39.37<br>1x 6.15x 6.2 = 38.13<br>1x6.35x2.35 = 14.92<br>12.25x6.3 = 77.18<br>25.45x 6.3 = 160.34<br>**TOTAL 710.90** |
| MA Orphanage | | 4.55x 4.55 = 20.70<br>3.05x 4.55 = 13.88<br>4.9 X 4.55 = 22.30<br>4.05x 4.55 = 18.43<br>15.55x 4.74 = 73.71<br>13.2 X 7.75 = 102.30<br>2.25x 4.75 = 10.69<br>2.55x 2.85 = 7.27<br>3.45x 5.5 = 18.98<br>11.3x 4.75 = 53.68<br>11 X 7.75 = 85.25<br>12.85x 4.55 = 58.47<br>4.05x 4.55 = 18.43<br>15.55x 4.75 = 73.86<br>11x 6.4 = 70.40<br>8.2x 5.9 = 48.38<br>2.7 X 7.55 = 20.39<br>**TOTAL 717.12** |
| MAO Arts And Science College | 17/423 A – 1054.46 $M^2$<br>(താഴത്തെ നില ) | 6.30 X 7.65 = 48.20<br>6.30 X 4.80 = 30.24<br>6.30 X 6.20 = 39.06<br>6.30 X 3.00 = 18.9 |

| | | |
|---|---|---|
| | | 2x6.30 X 9.00 = 113.4<br>4x 6.30 X 6.20= 156.24<br>First Floor<br>7x6.30 X 6.20 = 273.42<br>2x6.30 X 9.00= 113.40<br>Second Floor<br>6.30 X 12.70 = 80.01<br>6.30 X 6.20 =39.06<br>6.30 X 3.00 = 18.9<br>2x 6.30 X 9.00 = 113.40<br>9 X 25.70 = 231. 30<br>**TOTAL 1274.53** |
| CHMKMHSS<br>ഇരിവേറ്റി | 9/158 – 100 $M^2$ (GF)<br>9/159 – 100 $M^2$ (GF)<br>9/160 – 100 $M^2$ (GF)<br>**TOTAL - 300** | 6×6.15x6.10 = 225.09<br>5x6.15x6.20 = 190.65<br>3.40x6.15 = 20.91<br>6x6.20x6.25 = 232.50<br>6.18x6.25 = 38.63<br>6.15x6.25 = 38.44<br>H.S.S. SECTION<br>2.90 X6.1 = 17.69<br>4x12.20 X6.10 = 297.68<br>6x 2.85 X6.10 = 104.31<br>3x6.1 X6.10 = 111.63<br>9.10 X6.10 = 55.51<br>12.30 X6.10 = 75.03<br>2x6.00 X6.10 = 73.20<br>9.15 X6.10 = 55.82<br>3 X6.10 = 18.30<br>5x 9.1x 6.1 = 277.55<br>**TOTAL 1832.94** |

[കുറിപ്പ് ** ഫിറ്റ്നസ് സർട്ടിഫിക്കറ്റിന് നൽകുന്ന അപേക്ഷയിൽ ക്ലാസ്സ് മുറികളുടെ വിവരം മാത്രമ രേഖപ്പെടുത്തുന്നത് എന്നതിനാൽ യഥാർത്ഥത്തിലുള്ള കെട്ടിട വിസ്തീർണ്ണം മുകളിലെ പട്ടികയ പരാമർശിച്ചതിലും വളരെയധികം വർധിക്കും. ]

പഞ്ചായത്തിലെ ഏതാനും സ്കൂളുകളുടെ ഫിറ്റ്നസ് അപേക്ഷ അടിസ്ഥാനമാക്കി നടത്ത പരിശോധനയിലാണ് സ്കൂളുകളിൽ അനധികൃത നിർമ്മാണങ്ങൾ നടത്തിയിട്ടുണ്ട് എന്ന് വ്യക്തമാ പഞ്ചായത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ പരിശോധിച്ച് അനധികൃത നിർമ്മിതി കണ്ടെത്തുന്നതിനും അനധികൃത നിർമ്മിതികൾക്കെതിരെ നിയമപ്രകാരമുള്ള നടപകടി സ്വീകരിക്കുന്നതിന് പഞ്ചായത്ത് നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

പഞ്ചായത്തിലെ മുഴുവൻ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെയും കെട്ടിടങ്ങൾ പരിശോധിച്ച് അനധി നിർമ്മിതികൾക്കെതിരെ നിയമപ്രകാരമുള്ള നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്

(പഞ്ചായത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അനധികൃത നിർമ്മിതികൾ കണ്ടെത്തി നിയമപ്രക ക്രമവൽക്കരിക്കുന്നതിന് നടപടികൾ സ്വീകരിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുന്നതിന നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (19/17-8-23) മറുപടി ലഭ്യമാക്കിയിട്ടില്ല.)

## 1-18 അനധികൃ കെട്ടിടങ്ങൾ - പഞ്ചായത്ത് തീരുമാനത്തിൽ തുടർ നടപടി സ്വീകരിച്ചില്ല.

പഞ്ചായത്ത് ഭരണ സമിതിയുടെ 19.08.2022 ലെ യോഗം 13 ാം നമ്പർ യോഗ തീരുമാനപ്രക പഞ്ചായത്തിലെ അനധികൃത കെട്ടിടങ്ങൾക്ക് നികുതി ഈടാക്കുന്നതിനും, അനധി നിർമ്മാണങ്ങൾക്കതിരെ നടപടികൾ സ്വീകരിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. എന്നാൽ പഞ്ചായ ഭരണ സമിതി തീരുമാനമെടുത്ത് ഒരു വർഷത്തോളം ആയിട്ടും പഞ്ചായത്ത് ഭരണസമിതി തീരുമ നടപ്പാക്കുന്നതിന് സെക്രട്ടറി തുടർ നടപടി സ്വീകരിച്ചിട്ടില്ല.

(പഞ്ചായത്ത് ഭരണസമിതി യോഗ തീരുമാനമനുസരിച്ച് അനധികൃത നിർമ്മാണങ്ങൾക്കെത പഞ്ചായത്ത് സ്വീകരിച്ച നടപടികളുടെ വിവരം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണെന്ന് പരാമർശ കൊടുത്ത ഓഡിറ്റ് അന്വേഷണ കുറിപ്പിന്( നം 36/19-8-23) മറുപടി ലഭ്യമാക്കിയില്ല.)

## 1-19 ഒരേ പ്ലോട്ടിലെ കെട്ടിടങ്ങൾക്ക് വ്യത്യസ്ത മേഖലകളായി വസ്തുനികുതി നിർണ്ണയിച്ചു.

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർ ചട്ടങ്ങളിന്മേൽ 14/1/2011 ലെ സ.ഉ(അ) നമ്പർ 20/2011ത.സ്വ.ഭ.വ സർക്കാർ വിഞ്ജാപനം അനുസ കാവനൂർ ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ ഏർപ്പെടുത്തേണ്ട നികുതി നിരക്കുകൾ ,മേഖല എന്നിവ സംബന്ധിച്ച് അന്തിമ വസ്തുനികുതി വിഞ്ജാപനം 14/12/2011 ന് 27-ാം നമ്പർ തീരുമാനമ അംഗീകരിച്ച് വിഞ്ജാപനം പുറപ്പെടുവിക്കുകയും ചെയ്തതാണ്.ആയത് പ്രകാരം അരീക്കോട് മഞേ റോഡ്,അരീക്കോട് എടവണ്ണ റോഡിന്റെയും ഇരുവശത്തായി 200 മീറ്റർ ദൂരപരിധിക്ക പ്രദേശങ്ങളെയാണ് പ്രാഥമിക മേഖലയായി നിശ്ചയിച്ചിട്ടുള്ളത്. എന്നാൽ സഞ്ചയ സോഫ്റ്റ്വെയ ലഭ്യമായ വസ്തുനികുതി നിർണ്ണയ രജിസ്റ്റർ പരിശോധിച്ചതിൽ, ഒരേ ആളുടെ ഉടമസ്ഥതയിലും പ്ലോട്ടിലും സ്ഥിതി ചെയ്യുന്ന കെട്ടിടങ്ങൾക്ക് വ്യത്യസ്തമായ മേഖലകൾ അടിസ്ഥാനമാക്കി വസ്തുനിക നിർണ്ണയിച്ചതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഉടമസ്ഥൻ | വാർഡ് | സർവ്വേ നം | കെട്ടിടനമ്പർ | ഉപയോഗക്രമം | മേഖല |
|---|---|---|---|---|---|---|
| 1 | കൊറ്റങ്ങോടൻ മൂഹമ്മദ് ഭാര്യ കദീജ | 2 | 252/11 (Kavanur) | 202A | വാണിജ്യം | പ്രഥമം |
| | | | | 202B | വാണിജ്യം | ദ്വിതീയം |
| | | | | 202C | വാണിജ്യം | പ്രഥമം |
| | | | | 202D | വാണിജ്യം | പ്രഥമം |
| | | | | 202D | വാണിജ്യം | പ്രഥമം |
| 2 | ഷാഹിദ എൻ സി(നീരുട്ടിച്ചാലി,കാവനുർ | 2 | 30/84/6 (Kavanur) | 341B | പാർപ്പിടം | പ്രഥമം |
| | | | | 341A | വാണിജ്യം | തൃതീയം |
| 3 | കണ്ണൻകുളവൻ ഹുസൈൻകുട്ടി ഹാജി | 2 | 30/261/16 (Kavanur) | 406 Eമുതൽ Jവരെ,Lമുതൽ Nവരെ | വാണിജ്യം | പ്രഥമം |
| | | | | 406K | വാണിജ്യം | ദ്വിതീയം |
| 4 | ഗിരീഷ് കുമാർ (ഐശ്വര്യ) | 5 | 28/110-4 (Kavanur) | 108 | വാണിജ്യം | പ്രഥമം |
| | | | | 109 | വാണിജ്യം | ദ്വിതീയം |
| 5 | ബാബു രാജ്(പാടുകണ്ണി വീട്, കാവനൂർ മുഹമ്മദ് റഷീദ്(ഒറ്റപ്പിലാക്കൽ | 10 | 390/4-2-1 (Kavanur) | 228G,H,I,J,K | പാർപ്പിടം | ദ്വിതീയം |
| | | | | 228F | വാണിജ്യം | പ്രഥമം |

ഒരേ പ്ലോട്ടിൽ തന്നെ സ്ഥിതി ചെയ്യുന്ന വ്യത്യസ്ത കെട്ടിടങ്ങൾക്ക് വ്യത്യസ്ത മേഖലകളിൽ വസ്തുനിക നിർണ്ണയിച്ച അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്( നം.26/18-8-23 ) സെക്രട്ടറി മറു ലഭ്യമാക്കിയിട്ടില്ല. അപാകതക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-20 ഷോപ്പ് റൂമുകളുടെ വാടക-അപാകതകൾ

വാടക സംബന്ധിച്ച രജിസ്റ്റർ, ഫയൽ എന്നിവ പ്രകാരം കേരള സംസ്ഥാന പഞ്ചായത്ത് ഡയ അംഗീകരിച്ച ബൈലോ (ഉത്തരവ് നമ്പർ സി5-2618/15 തി: 16.4.2015) ഗ്രാമ പഞ്ചായത്തി ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സിലെ 3 മുറികളുടെയും പഞ്ചായത്ത് ലൈബ്രറി കെട്ടിടത്ത് ഒരു മുറിയുടെയും ലേലം 27.7.2015 ലെ എ3-4189/14 നമ്പർ നോട്ടീസ് മുഖേന 2015-16 വർഷത്തിൽ പര ചെയ്തിരുന്നു.ആയത് പ്രകാരം ഷോപ്പിംഗ് കോംപ്ലക്സിലെ 3 മുറികൾ ശ്രീ.അബ്ദുന്നാസർ പേക്കാട്ട് (നമ്പ മുറികൾ) , ശ്രീ. അനിൽ കുമാർ ഉരുണിയംകുന്ന് (റൂം3) എന്നിവരും ലൈബ്രറി കെട്ടിടത്തിലെ മുറി സക്കീർ ഹുസൈൻ പൂന്തല എന്നയാളും ലേലം കൊണ്ടിരുന്നു. എന്നാൽ ശ്രീ. സക്കീർ ഹുസൈൻ പൂ കരാർ വയ്ക്കാത്തതിനാൽ ഡെപ്പോസിറ്റ് തുക 20000 രൂപ പഞ്ചായത്ത് ഫണ്ടിലേ മുതൽകൂട്ടിയിട്ടുമുണ്ട്. കരാർ ചമച്ചവർക്ക് മുറികൾ 2015 ഒക്ടോബർ മാസം മുതൽ കൈ നൽകിയിട്ടുണ്ട്.

വാടക സംബന്ധിച്ച് താഴെ പറയുന്ന അപാകതകൾ കാണുന്നു.

1)രേഖകൾ പ്രകാരം ഒഴിഞ്ഞു കിടക്കുന്ന ലൈബ്രറി കെട്ടിടത്തിലെ മുറി 2015-16ലെ ആദ്യ നടപടികൾക്ക് ശേഷം നാളിതു വരെ പുനർലേലം ചെയ്ത് വാടക ലഭ്യമാക്കുന്നതിന് നട സ്വീകരിച്ചതായോ ലേലം ചെയ്യാത്തതിന് കാരണം വ്യക്തമാക്കി റിപ്പോർട്ട് തയ്യാറാക്കുകയോ ചെയ്തിട്ടി

2)സാമ്പത്തിക വർഷത്തിൽ ഷോപ്പിംഗ് കോംപ്ലക്സിലെ 3 മുറികൾ ശ്രീ.ശ്രീജിത്ത്(റൂം നം.2/ ശ്രീ.അനിൽകുമാർ(റൂം നം.2/423),ശ്രീ.ശരത്.ഒ (റൂം നം.2/424) എന്നിവരാണ് കൈവശം വെച്ചിരു മുൻവർഷവും (2021-22)പ്രസ്തുത വ്യക്തികൾ തന്നെയാണ് കൈവശം വെച്ചിരുന്നത്. ശ്രീ.ശ്രീജിത്ത് നം.2/422) ഡിമാന്റ് രജിസ്റ്റർ പ്രകാരം മുൻവർഷം യാതൊരു തുകയും അടവാക്കിയിട്ടില്ല. തൻ വർഷ ഒടുക്കിയിട്ടില്ല. എന്നാൽ സാക്ഷ്യപ്പെടുത്തിയ വാടക സംക്ഷിപ്തത്തിൽ ടിയാളുടെ അരിയർ-തൻവ ഡിമാന്റ്, വർഷാവസാന ബാലൻസ് തുടങ്ങിയ വിവരം ഉൾപ്പെടുത്തിയിട്ടില്ല. പ്രസ്തുത മുറിയുടെ

വർഷ ഡിമാന്റ്, ഇൻകം &എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും തൻവ കുടിശ്ശിക ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. മുൻ വർഷ കുടിശ്ശിക (തൻവർഷ അരിയർ) 20 ലെ ബാലൻസ് ഷീറ്റിലും ഉൾപ്പെടുത്തിയിട്ടില്ല.

3)<u>പിഴത്തുക ഈടാക്കുന്നില്ല</u>.

A)അംഗീകൃത ബൈലോ പ്രകാരം വാടക അതാതുമാസം 5ാം തീയതിക്കു മുമ്പായി ഒടുക്കുവരുത്ത വീഴ്ച വരുത്തുന്ന പക്ഷം പ്രതിമാസം 1% പിഴ ചുമത്തേണ്ടതുമാണ്. ശ്രീ.ശ്രീജിത്ത് 2022 ജനുവരി മുതൽ ഡിസംബർ വരെയുള്ള മാസങ്ങളിലെ വാടക(@3000/-+540GST) 42894 രൂപ 14/12/2022 ലെ 1220900293 ന രശീതി പ്രകാരം ഒടുക്കിയിട്ടുണ്ട്. പ്രസ്തുത തുക ഒടുക്കിയ വേളയിൽ പിഴത്തുക (2340രൂപ) (78% Of ഈടാക്കിയിട്ടില്ല.

B)ശ്രീ.ശരത്ത്.ഒ. 2022 ഡിസംബർ മുതൽ 2022 ജൂൺ വരെയുള്ള വാടക (@3000/-+540GST) 14160 രൂപ 21.4.2022 1220100248 നമ്പർ രശീതി പ്രകാരം ഒടുക്കിയിട്ടുണ്ട്. പിഴത്തുക (450രൂപ)ഈടാക്കിയിട്ടില്ല.

ആകെ പിഴത്തുക (A+B) 2790 രൂപ ഈടാക്കേണ്ടതാണ്.

4) വാടക ഒടുക്കുന്നതിൽ വീഴ്ച വരുത്തുന്നവർക്കെതിരെ സ്വീകരിക്കേണ്ട നടപടികൾ ബൈലോയ വിവിധ ഖണ്ഡികകൾ പ്രകാരം വിശദീകരിച്ചിട്ടുണ്ട്. വർഷം മുഴുവനും അതിൽ കൂടുതലും കാലയള കുടിശ്ശിക വരുത്തിയിട്ടും പ്രസ്തുത ബൈലോ പ്രകാരമുള്ള യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല.

5) 2015-16ലെ ലേല നോട്ടീസ് പ്രകാരം ലേലം കൊള്ളുന്ന വ്യക്തികൾ സെക്യൂരിറ്റി ഡെപ്പോസിറ്റ് അ 30000 രൂപ (5000+25000) കെട്ടിവയ്ക്കണം. നിലവിൽ മുറികൾ കൈവശം വെച്ചവരുടെ ഡെപ്പോസിറ്റ് വി ഡിമാന്റ് രജിസ്റ്ററിലോ ഫയലിലോ രേഖപ്പെടുത്തിയിട്ടില്ല. വാടക ഒടുക്കുന്നതിൽ വീഴ്ച വരുത്തുന്നവ വാടക പ്രസ്തുത ഡെപ്പോസിറ്റിൽ നിന്ന് ക്രമീകരിച്ച് കുറവ് വരുന്ന ഡെപ്പോസിറ്റ് തുക ഒടുക്കുന്ന നിർദ്ദേശിക്കുകയോ വാടക ഒടുക്കുന്നതിലെ വീഴ്ചകൾക്ക് ബൈലോ പ്രകാരമുള്ള നടപടി സ്വീകരിക്കുകയോ ചെയ്യുന്നില്ല. മൂന്ന് റൂമുകളുടെ ആകെ റെന്റ് ഡെപ്പോസിറ്റ് 90000 രൂപ വേണമെങ്ക ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരം ആയത് 34150 രൂപയാണ്.

6) ബൈലോ ഖണ്ഡിക 6 പ്രകാരം അതത് വർഷം മാർച്ച് 31 വരെയോ പരമാവധി 3 വർഷത്തേക്കോ പര ലേലം വഴിയാണ് റൂമുകൾ കൈവശം നൽകേണ്ടത്. എന്നാൽ ഡിമാന്റ് രജിസ്റ്ററിൽ കാലാ രേഖപ്പെടുത്തിയിട്ടില്ല. ഖണ്ഡിക7 പ്രകാരം ഭരണസമിതിക്ക് യുക്തമെന്ന് തോന്നുന്ന പക്ഷം 5% അ അധികമാകാതെ വർദ്ധനവ് വരുത്തി നിലവിലുള്ളവർക്ക് തുടരുന്നതിന് അനുമതി നൽകാവുന്നത എന്നാൽ പ്രസ്തുത നിബന്ധന പ്രകാരമുള്ള വർദ്ധനവ് വരുത്തുന്നില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതിന് ഓഡിറ്റ് എൻക്വയറി (നം.45/19.8.2023) നൽ മറുപടി ലഭ്യമാക്കിയില്ല. വിശദീകരണവും പിഴത്തുക 2790 രൂപ ഈടാക്കിയ വിവര ലഭ്യമാക്കേണ്ടതാണ്.

## <u>1-21 കാലഹരണപ്പെട്ട റവന്യൂ ഡെപ്പോസിറ്റുകൾ തനത് ഫണ്ടിലേക്ക് മുതൽ കൂട്ടേണ്ടതാണ്.</u>

കേരള ഫിനാൻഷ്യൽ കോഡ് വോള്യം I, ആർട്ടിക്കൾ 282 പ്രകാരം റവന്യൂ ഡെപ്പോസിറ്റുകൾ പിരിയേഡ് കഴിഞ്ഞ് മൂന്ന് വർഷത്തിനകം ക്ലെയിം ചെയ്യേണ്ടതും, അല്ലാത്തപക്ഷം ആ കാലഹരണപ്പെടുന്നതും, തനത് ഫണ്ടിലേക്ക് മുതൽകൂട്ടേണ്ടതുമാണ്. എന്നാൽ വിവിധ ഇനങ്ങളില പഞ്ചായത്തിൽ അടവാക്കിയിട്ടുള്ളതും, കാലഹരണപ്പെട്ടതുമായ റവന്യൂ ഡെപ്പോസിറ്റുകൾ ന ബന്ധിതമായി തനത് ഫണ്ടിലേക്ക് മുതൽകൂട്ടിയിട്ടില്ല.AFS പ്രകാരമുള്ള റവന്യൂ ഡെപ്പോസിറ്റുക വിശദവിവരം ചുവടെ ചേർക്കുന്നു.

| ഇനം | ഡെപ്പോസിറ്റ് ഇനത്തിൽ അവശേഷിക്കുന്ന തുക |
|---|---|
| Contractors EMD | 29850 |
| Suppliers EMD | 36350 |
| BIDDERS EMD | 59560 |
| CONTRACTORS SECURITY DEPOSIT | 9350 |
| SUPPLIERS SECURITY DEPOSIT | 545 |
| BIDDERS SECURITY DEPOSIT | 1789 |
| CONTRACTERS RETENTION | 182634 |
| OTHER DEPOSITS | 17500+7500 |

മേൽ റവന്യൂ ഡെപ്പോസിറ്റുകളുടെ രജിസ്റ്ററുകൾ പരിശോധിച്ചതിൽ 2012-13 സാമ്പത്തിക വർ മുതലുള്ള ഡെപ്പോസിറ്റ് തുകകൾ തനത് ഫണ്ടിലേക്ക് മുതൽകൂട്ടിയിട്ടില്ലെന്ന് കാണുന്നു. ആയത് മ സ്ഥാപനത്തിന്റെ വാർഷിക ധനകാര്യപത്രികയിൽ തെറ്റായ ബാധ്യതയാണ് രേഖപ്പെടുത്തു അപാകതക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.കാലഹരണപ്പെട്ട റവന്യൂ ഡെപ്പോസിറ്റുകൾ ന

ബന്ധിതമായി തനത് ഫണ്ടിലേക്ക് മുതൽകൂട്ടി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ഇത് സംബന്ധ ഓഡിറ്റ് എൻക്വയറിക്ക് (28/18-8-23) മറുപടി ലഭ്യമാക്കിയില്ല.

## 1-22 എസ് സി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകൽ - അധിക തുക നൽകി

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| പ്രൊജക്റ്റ് | എസ് സി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകൽ 340/23 |
| അടങ്കൽ | പൊതുവിഭാഗം സാധാരണ വിഹിതം-79950/-<br>എസ് സി പി ഫണ്ട്-1436000/- |
| ചെലവ് | 1515950/- |
| ബിൽ /വൗച്ചർ നമ്പർ | BRN22150952025400932104/20-12-22<br>BRN22150952025400948180/23-12-22<br>BRN22150952025400954091/24-12-22<br>BRN22150952025400965742/28-12-22<br>BRN22150952025400988663/3-1-23<br>BRN22150952025401011954/7-1-23<br>BRN22150952025401162155/8-2-23<br>BRN22150952025401162159/8-2-23<br>BRN22150952025400988665/3-1-23 |

ഗ്രാമപഞ്ചായത്തിലെ എസ് സി വിദ്യാർത്ഥികൾക്ക് പഠിക്കുന്ന കോഴ്സിനനുസരിച്ച് സ്കോളർഷ നൽകുന്നതിനാണ് മേൽ പ്രൊജക്ട് പ്രകാരം തുക ചെലവു ചെയ്തിട്ടുള്ളത്. ബന്ധപ്പെട്ട രേഖ പരിശോധിച്ചതിൽ താഴെ കൊടുക്കുന്ന അപാകതകൾ കണ്ടു.

പതിനാലാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗരേഖ ജി.ഒ (എം.എസ്) 115/2022ത.സ്വ.ഭ.വ തിയ്യതി 28.05 ഖണ്ഡിക 7.2.4 പ്രകാരം പ്ലസ്ടുവിന് ശേഷമുള്ള മറ്റ് സർക്കാർ അംഗീകൃത റെഗുലർ കോഴ്സിന് പഠിക്ക കുട്ടിക്ക് നൽകാവുന്ന പരമാവധി സ്കോളർഷിപ്പ് 15000/-രൂപയാണ്. എന്നാൽ മേൽ പ്രൊജക്റ്റി ചെലവുരേഖകൾ പരിശോധിച്ചതിൽ ചുവടെ ചേർത്ത വിദ്യാർത്ഥിക്ക് അർഹതപ്പെട്ട തുകയ കൂടുതൽ നൽകിയിട്ടുള്ളതായി വ്യക്തമായി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വിദ്യാർത്ഥിയുടെ പേര്/ പഠിക്കുന്ന കോഴ്സ് അക്കൌണ്ട് നമ്പർ | സ്കോളർഷിപ്പ് നൽകിയതിന്റെ വിശദാംശങ്ങൾ (നൽകാവുന്ന തുക -15000) | അധികം നൽകിയത് |
|---|---|---|
| ശിൽപ കൃഷ്ണ പി<br>ഡിപ്ളോമ ഇൻ ഓഫ്താൽമിക് അസ്സിസ്റ്റന്റ്<br>SBIN0071023<br>37233395874 | 20000<br>BRN22150952025400965742/28-12-22 | 5000 |

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(27/ 23) മറുപടി ലഭ്യമാക്കിയില്ല. അധികം നൽകിയ 5000/-രൂപ തിരികെ ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാ

## 1-23 ഹരിത കർമ്മസേന - പ്രവർത്തനാവലോകനം

**I. ആമുഖം**

കേരള പഞ്ചായത്ത് രാജ് നിയമപ്രകാരം ഗ്രാമപ്പഞ്ചായത്തിന്റെ അനിവാര്യ ചുമതലയാണ് മാല സംസ്കരണം. ജൈവ , അജൈവ മാലിന്യങ്ങൾ, ഖര, ദ്രവ, വാതക മാലിന്യങ്ങൾ എന്നിങ്ങനെ വിവിധ മാലിന്യങ്ങൾ ഉണ്ടെങ്കിലും കാവനൂർ ഗ്രാമപ്പഞ്ചായത്തിന്റെ നിലവിലെ സ്ഥിതി പരിഗണിക്കുമ്പ ദ്രവ, വാതക മാലിന്യങ്ങൾ ഗൗരവതരമായ ഒരു പ്രശ്നമല്ല.

നിലവിലെ അവസ്ഥയിൽ ജൈവ, അജൈവ ഖരമാലിന്യ സംസ്കരണ പ്രവർത്തനങ്ങളിൽ അ പഞ്ചായത്തിന്റെ അടിയന്തിര ശ്രദ്ധപതിയേണ്ടത്. ജൈവ മാലിന്യങ്ങൾ സംസ്കരിക്കുന്നതിന് ഉറ മാലിന്യ സംസ്കരണത്തിന് പ്രാധാന്യം നൽകിയുള്ള പ്രവർത്തനങ്ങളാണ് പഞ്ചായത്ത് നടപ്പിലാ വരുന്നത്. ഗ്രാമ പ്രദേശമായതിനാൽ ഉറവിട ജൈവ മാലിന്യ സംസ്കരണം ഏറക്കുറെ ഫലപ്രദമ നടപ്പിലാക്കാൻ സാധിക്കുന്നുമുണ്ട്. പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള അജൈവ മാലിന്യങ്ങളുടെ സംസ്കരണമ നിലവിൽ ഗ്രാമപ്പഞ്ചായത്ത് നേരിടുന്ന ഗൗരവമായ വെല്ലുവിളി.

സംസ്ഥാനത്തിന്റ സുസ്ഥിര മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങളുടെ ഭാഗമായി അജൈവ മാല നിർമാർജ്ജനം ലക്ഷ്യമിട്ട് നടപ്പിലാക്കി വരുന്ന നൂതന സംരംഭമാണ് ഹരിത കർമ്മസേന. ഹരിത ക

മിഷൻ, കുടുംബശ്രീ, ശുചിത്വമിഷൻ, ക്ലീൻ കേരള കമ്പനി, പൊലൂഷൻ കൺട്രോൾ ബോർഡ്, എന്ന സംയോജിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലൂടെ പ്രാവർത്തികമാക്കുന്ന ഈ പദ്ധതി തൊഴ സംരംഭ ഗ്രൂപ്പുകളിലൂടെയാണ് നടപ്പിലാക്കുന്നത്.

ഹരിതകേരള മിഷന്റെ മാലിന്യരഹിത കേരളം എന്ന കാമ്പയിനിന്റെ ഭാഗമായാണ് ഹരിത കർമ്മസേ – തൊഴിൽ സംരംഭ ഗ്രൂപ്പുകൾ രൂപീകരിക്കുന്നത്. ഹരിത കർമ്മസേന യുടെ രൂപീകരണം സംബന്ധ 15.07.2017 ലെ സ.ഉ (സാധാ) നം.2420/2017/ത.സ്വ.ഭ.വ ഉത്തരവിൽ വിശദമായി പരാമർശിച്ചിട്ടുണ്ട്. സംസ്ഥ ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ - കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 23.04.2018 ലെ 10394/D-2017/K നമ്പർ ഉത്തരവിലൂടെ ഹരിത കർമ്മസേന മൈക്രോ സംരംഭങ്ങൾ രൂപീകരിക്കുന്നതി പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനുമുള്ള മാർഗ്ഗനിർദേശങ്ങൾ അടങ്ങിയ പ്രവർത്തന മാർഗ്ഗ അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്.

കാവനൂർ ഗ്രാമപഞ്ചായത്തിലെ ഹരിത കർമ്മസേനയുടെ 2022-23 വരെയുള്ള പ്രവർത്ത പരിശോധിച്ചാണ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്.

**II.ഹരിത കർമ്മസേന – അടിസ്ഥാന വിവരങ്ങൾ.**

- 22.07.2019 നാണ് ഹരിത കർമ്മസേന പ്രവർത്തനം ആരംഭിച്ചത്. നിലവിൽ 20അംഗങ്ങളാണ് ഹ കർമ്മസേനയിൽ ഉള്ളത്. 19 വാർഡുകൾ ഉള്ള ഗ്രാമ പഞ്ചായത്തിൽ ഓരോ വാർഡിലേക്കു അംഗങ്ങൾ വീതം മാലിന്യ ശേഖരണം നടത്തുന്ന രീതിയാണ് നിലവിലുള്ളത്.
- വീട് ഒന്നിന് 50/- രൂപയും, കടകൾക്ക് 100/- രൂപയുമാണ് യൂസർ ഫീ നിശ്ചയിച്ചിട്ടുള്ളത്. നിലവിൽ 1 വീടുകൾ, 623 കടകൾ എന്നിവ ഹരിത കർമ്മസേനയുടെ സേവനം ഉപയോഗപ്പെടുത്തുന്നുണ്ട്.
- ഹരിത കർമ്മസേന അംഗങ്ങളിൽ നിന്ന് തെരഞ്ഞെടുക്കപ്പെട്ട പ്രസിഡണ്ട്, സെക്രട്ടറി, എന്നിവര നേതൃത്വത്തിലാണ് ഹരിതകർമ്മസേന പ്രവർത്തനങ്ങൾ നടത്തുന്നത്. ഗ്രാമീണ ബാങ്ക് കാവ ശാഖയിലെ 40151101122859 നമ്പർ അക്കൗണ്ടിലൂടെയാണ് സാമ്പത്തിക ഇടപാടുകൾ നടത്തിവരുന്നത്
- ഹരിത കർമ്മസേനയുടെ പ്രധാന വരുമാന മാർഗ്ഗം യൂസർഫീ , സ്ക്രാപ്പ് സെയിൽസ് എന്നിവയാണ്.
- കാവനൂർ ഗ്രാമപ്പഞ്ചായത്തിന്റെ സോളിഡ് വേസ്റ്റ് മാനേജ്മെന്റ് അന്തിമ ബൈലോ 11.08.2022 ഒന്നാം നമ്പർ തീരുമാന പ്രകാരം പഞ്ചായത്ത് ഭരണ സമിതി അംഗീകരിക്കുയും പഞ്ചായ ഡയറക്ടറുടെ നം PAN/13112/2021-C6(DP) 5-4-22 ഉത്തരവ് പ്രകാരം സർക്കാർ അംഗീകരിക്കുക ചെയ്തതാണ്.

**III.അടിസ്ഥാന സൗകര്യങ്ങൾ**

ഹരിത കർമ്മസേന പ്രവർത്തനം സംബന്ധിച്ച സർക്കാർ ഉത്തരവ് പ്രകാരം അജൈവ പാഴ് വസ്തു സംഭരണം നടത്തുന്നതിന് ആവശ്യമായ എം.സി.എഫുകൾ വാർഡ് തലത്തിലും (കുറഞ്ഞ വാർഡുകൾക്ക് 150 സ്ക്വയർ ഫീറ്റിൽ കുറയാതെ വിസ്തീർണ്ണം വേണം) തദ്ദേശ സ്വയംഭരണ സ്ഥാ തലത്തിൽ 1000 സ്ക്വയർ ഫീറ്റിൽ കുറയാതെ വിസ്തീർണ്ണമുള്ള എം.സി.എഫുകൾ നിർമ്മിക്കുക വാടകക്ക് ഏർപ്പെടുത്തിയിരിക്കുകയോ വേണം. ( 12-08-2020 ലെ സർക്കാർ ഉത്തരവ് (സാധാ) ന 1496/2020/ത.സ്വ.ഭ.വ )

ശേഖരിക്കുന്ന അജൈവ മാലിന്യങ്ങൾ തരം തിരിക്കുന്നതിന് സർക്കാർ നിർദ്ദേശ പ്രകാര സൗകര്യങ്ങൾ ഏർപ്പെടുത്താൻ പഞ്ചായത്തിന് സാധിച്ചിട്ടില്ല. മാലിന്യം വേർതിരിക്കുന്നതിന് ഏകീക സംവിധാനം ഇല്ലാത്തതിനാൽ നിലവിൽ 4 സ്ഥലത്ത് പരിമിതമായ സൗകര്യങ്ങളോടെയാണ് എം.സി. പ്രവർത്തിക്കുന്നത്. കുടിവെള്ളം സാനിറ്റേഷൻ സൗകര്യങ്ങൾ ഫയർ &സേഫ്റ്റി സംവിധാനം, കൂടു മാലിന്യങ്ങൾ വേർതിരിച്ചെടുക്കുന്നതിന് ഉതകുന്ന സൗകര്യങ്ങൾ എന്നിവ ഇല്ല. നിലവില എം.സി.എഫ് പഞ്ചായത്തിന്റെ ആവശ്യത്തിന് പര്യാപ്തമല്ല.

ഹരിത കർമ്മസേനാംഗങ്ങൾ ശേഖരിക്കുന്ന അജൈവ മാലിന്യങ്ങൾ എം.സി.എഫ് ക എത്തിക്കുന്നതിന് പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് ഇലക്ട്രിക് ഗുഡ്സ് വാഹനം വാങ്ങി നൽകിയിട്ടുണ്ട്.

**IV.പ്രവർത്തനങ്ങൾ**

**I) മാലിന്യ ശേഖരണം / കയ്യൊഴിക്കൽ**

ഹരിത കർമ്മസേനയിലെ രണ്ട് അംഗങ്ങൾ വീതം ചേർന്നാണ് ഓരോ വാർഡിൽ നിന്ന് അ മാലിന്യങ്ങൾ ശേഖരിക്കുന്നത്. ശേഖരിക്കുന്ന അജൈവ മാലിന്യങ്ങൾ വാഹനങ്ങൾ ഉപയോഗിച്ച് ലേക്ക് എത്തിക്കുകയും അവിടെ വച്ച് തരം തിരിച്ച് വില്പന നടത്താവുന്നവ വില്പന നടത്തുകയും മറ്റു റിജക്ടഡ് വേസ്റ്റ് കൈകാര്യം ചെയ്യുന്ന സ്ഥാപനങ്ങൾക്ക് നൽകി കൈയ്യൊഴിക്കുകയുമാണ് ചെയ്യുന്നത്.

മാലിന്യങ്ങൾ MCF കളിലേക്ക് എത്തിക്കുന്നതിന് ഹരിത കർമ്മസേനക്ക് സ്വന്തമായി വാഹനം വാങ്ങു വരെ വാഹനം വാടക്ക് എടുത്തും സ്വന്തമായി വാഹനം വാങ്ങിയ ശേഷം വാഹനം ഓടിക്കുന്നതിന് ദി വേതനാടിസ്ഥാനത്തിൽ ഡ്രൈവറെ നിയമിച്ചുമാണ് അജൈവ മാലിന്യങ്ങൾ സംഭരണ കേന്ദ്രങ്ങ എത്തിക്കുന്നത്.

എംസി.എഫിലേക്ക് എത്തിക്കുന്ന അജൈവ മാലിന്യങ്ങളുടെ തരം തിരിച്ചുള്ള അളവ് രേഖപ്പെടുത്ത സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. സ്ക്രാപ്പ് വിൽക്കുന്ന വിവരം മാത്രം ഒരു നോട്ട്ബുക്ക രേഖപ്പെടുത്തിയിട്ടുണ്ട്.

2022-23 സാമ്പത്തിക വർഷത്തിൽ ആകെ 45327kg സ്ക്രാപ്പ് , 80430 Kg റിജക്ടഡ് വേസ്റ്റ് എന്നിവ ശ സൊല്യൂഷൻസ് എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. സ്ക്രാപ്പിന് KG ന് 8/-രൂപ വെച്ച് സ്ഥാ

ഹരിതകർമ്മസേനക്ക് നൽകിയിട്ടുണ്ട്. എന്നാൽ വരവ് വിവരം ക്യാഷ്ബുക്കിൽ രേഖപ്പെടുത്തിയി റിജക്ടഡ് വേസ്റ്റ് കൈയൊഴിയാൻ 577637/-രൂപ പഞ്ചായത്ത് ശുദ്ധി സൊല്യൂഷൻസിന് നൽകിയിട്ടു സ്ഥാപനം നൽകുന്ന ബില്ലിന്റെ അടിസ്ഥാനത്തിലാണ് തുക കൈമാറുന്നത്.എന്നാൽ മാലിന്യം തിരിച്ച വിവരം വ്യക്തമാക്കി സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്താത്തതിനാൽ വരവ് ചെലവ് തുകകള കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

**Ii) യൂസർ ഫീ കളക്ഷൻ**

അജൈവ മാലിന്യം ശേഖരിക്കുന്നതിന് ഗുണഭോക്താക്കളിൽ നിന്ന് യൂസർ ഫീ കളക്ട് ചെയ്യുന്ന രസീത് നൽകുന്നുണ്ട് എങ്കിലും രസീതിൽ തുക നൽകിയ ഗുണഭോക്താവിന്റെ വ്യക്തമായ വി രേഖപ്പെടുത്താതെയും/ അപൂർണ്ണമായ വിവരങ്ങൾ ചേർത്തുമായിരുന്നു 2022-23 കാലയളവ് വരെ ര നൽകിയിരുന്നത്. അതിനാൽത്തന്നെ യൂസർ ഫീ നൽകാത്തവരെ കണ്ടെത്തുന്നതിനും അവർക്കെ സർക്കാർ നിർദ്ദേശപ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതിനും സാധിക്കാത്ത അവ ഉണ്ടായിരുന്നു. എന്നാൽ 2023 – 24 സാമ്പത്തിക വർഷം മുതൽ പുതിയ രസീത് അച്ചടിച്ച് അത് പ്രക യൂസർഫീ പിരിക്കുന്നതിനാൽ ഇക്കാര്യത്തിൽ വ്യക്തത വന്നിട്ടുണ്ട്.

**VI) വരുമാന മാർഗ്ഗങ്ങൾ**

യൂസർ ഫീ, സ്ക്രാപ്പ് വില്പന എന്നീ ഇനങ്ങളിൽ ലഭിക്കുന്ന വരവ് മാത്രമാണ് പഞ്ചായത്തിലെ ഹ കർമ്മസേനയുടെ വരുമാന മാർഗ്ഗങ്ങൾ. സാധാരണ വരുമാന മാർഗ്ഗങ്ങളായ യൂസർഫീ, സ്ക്രാപ്പ് വി വരവ് എന്നിവയ്ക്ക് പുറമെ ഹരിത കർമ്മസേനയുടെ വരുമാന മാർഗ്ഗങ്ങളായി നടപ്പിലാക്കാവുന്ന വി പ്രവർത്തനങ്ങൾ സർക്കാർ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. മാലിന്യ ശേഖരണം എന്നതിലു ഇതിനെ ഒരു സംരംഭമായി വളർത്തി മാന്യമായ തൊഴിൽ മേഖലയാക്കി മാറ്റുന്നതിന് സർക ഉത്തരവിലെ നിർദ്ദേശങ്ങൾ പരിഗണിച്ച് തുടർ നടപടി സ്വീകരിക്കേണ്ടതുണ്ട്.

**VII)ചെലവിന്റെ വിവരം**

2022-23 വർഷത്തിൽ ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങൾക്കായി പഞ്ചായത്ത് പ ചെലഴിച്ചതിന്റെ വിവരം താഴെ ചേർക്കുന്നു.

| പ്രൊജക്റ്റ് | ചെലവ് | കുറിപ്പ് |
|---|---|---|
| 35/23 ക്ലീൻ കാവനൂർ | 855562 | റിജക്ടഡ് വേസ്റ്റ് ഡിസ്പോസൽ - 340000<br>ഡ്രൈവർ വേതനം - 57670<br>ചാക്ക് വാങ്ങൽ - 256200<br>വാഹനം മോഡിഫിക്കേഷൻ - 83500<br>വാഹന വാടക - 32016<br>നോട്ടീസ്&രജിസ്റ്റർ - 86176 |
| 326/23 റിജക്ടഡ് വേസ്റ്റ് നിർമ്മാർജ്ജനം | 301486 | ഹരിത സ്ഥാപനത്തിന് തുക നൽകൽ -63849<br>റിജക്ടഡ് വേസ്റ്റ് ഡിസ്പോസൽ - 237637 |

**VIII)രജിസ്റ്ററുകളുടെയും രേഖകളുടെയും സൂക്ഷിപ്പ്.**

ക്യാഷ് ബുക്ക്, സ്റ്റോക്ക് രജിസ്റ്റർ എന്നിവ ശരിയായി എഴുതി സൂക്ഷിച്ചിട്ടില്ല. 2023-24 വർഷം മു ഹരിത സഹായ സംഘത്തിന്റെ സഹായത്തോടെ ഹരിത കർമ്മസേനയുടെ പ്രവർത്തനം ക്രമീക പ്രവർത്തനം ചിട്ടപ്പെടുത്തി വരുന്നുണ്ട് എന്ന് വ്യക്തമാക്കിയിട്ടുണ്ട്.

**IX)ശുപാർശകൾ.**

- ഹരിത കർമ്മസേനയുടെ പ്രവർത്തനം സുഗമമായി നടത്തുന്നതിന് ആവശ്യമായ സൗകര്യങ്ങള MCF , അടിസ്ഥാന സൗകര്യങ്ങൾ എന്നിവ ഏർപ്പെടുത്തുന്നതിന് പഞ്ചായത്ത് നടപടി സ്വീകരിക്കുക.
- ഹരിത കർമ്മ സേനാംഗങ്ങളുടെ വരുമാനം വർദ്ധിപ്പിക്കുന്നതിന് സർക്കാർ ഉത്തരവിൽ പരാമർ പ്രവർത്തനങ്ങളിൽ അനുയോജ്യമായവ ഹരിത കർമ്മസേന മുഖേന നടപ്പിലാക്കുക.
- ഹരിത കർമ്മ സേനയുടെ പ്രവർത്തനം സർക്കാർ നിർദ്ദേശപ്രകാരം സുഗമമായും സുതാര്യമാ നടക്കുന്നു എന്ന് ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.
- ഹരിത കർമ്മസേനയുടെ വാഹനം ഓടിക്കുന്നതിന് ഹരിതകർമ്മ സേന അംഗങ്ങളെ പര്യാപ്തമാക്കു
- മാലിന്യസംസ്കരണത്തിന് പൊതു ജനങ്ങളുടെ സഹകരണം ഉറപ്പുവരുത്തുന്നതിനും, മാലിന്യത്തി അളവ് കുറക്കുന്നതിനും ആവശ്യമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുക

## 1-24 അഗതി രഹിത കേരളം പദ്ധതി ലക്ഷ്യം നേടിയില്ല

സംസ്ഥാനത്ത് ഏറ്റവും പ്രയാസം അനുഭവിക്കുന്ന അഗതി കുടുംബങ്ങ പുനരധിവസിപ്പിക്കുന്നതിനുള്ള പദ്ധതിയാണ് അഗതി രഹിത കേരളം പദ്ധതി. സർക്കാർ നിശ്ച പ്രത്യേക മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കി കുടുംബശ്രീ മുഖേന സർവേ നടത്തിയാണ് അ കുടുംബങ്ങളെ തെരഞ്ഞെടുക്കുന്നത് എന്നതിനാൽ ഏറ്റവും അർഹരായവർ മാത്രമാണ് പ്ര പദ്ധതിയുടെ ഗുണഭോക്താക്കളായി തെരഞ്ഞെടുക്കപ്പെടേണ്ടത്.

ഗ്രാമപഞ്ചായത്തിൽ കുടുംബശ്രീ സി.ഡി.എസ് തയ്യാറാക്കിയ പദ്ധതി 01.12.2018 ലെ ഭരണ സമ യോഗത്തിൽ അംഗീകരിച്ചിട്ടുണ്ട്. പഞ്ചായത്ത് അംഗീകരിച്ച പദ്ധതി 10.03.2019 ന് കുടുംബ എക്സിക്യൂട്ടീവ് ഡയറക്ടർ അംഗീകരിച്ചതോടെ പദ്ധതി പ്രവർത്തനം ആരംഭിച്ചതാണ്. മൂന്ന് വർഷ കൊണ്ട് നടപ്പാക്കേണ്ട പദ്ധതി കാലയളവ് 2022 ഏപ്രിൽ മാസത്തോടെ അവസാനിച്ചെങ്കി സഉ(സാധാ)1751/2022/LSGD /21.07.22നമ്പർ ഉത്തരവ് പ്രകാരം പദ്ധതിയുടെ കാലാവധി ദീർഘിപ്പിച്ചിട്ടുണ്ട്.

പദ്ധതി നടത്തിപ്പ് പരിശോധിച്ചതിൽ പദ്ധതി വിഭാവനം ചെയ്ത ലക്ഷ്യങ്ങൾ നിശ്ചിത കാലയളവി നേടുന്നതിൽ വിജയം കൈവരിക്കാനായില്ല എന്നാണ് ഓഡിറ്റിന് വ്യക്തമായത്.

**പദ്ധതിയുടെ വിശദ വിവരങ്ങൾ**

ഗുണഭോക്താക്കൾ - 246

ആകെ അടങ്കൽ - 9713800

പദ്ധതിയുടെ സാമ്പത്തിക വിശകലനം

| ഫണ്ട് | I Year | II Year | III Year | Total |
|---|---|---|---|---|
| ചലഞ്ച് ഫണ്ട് | 1023800 | 1023800 | 1023800 | 3071400 |
| പ്ലാൻ ഫണ്ട് | 2185000 | 2185000 | 2174000 | 6544000 |
| സ്പോൺസർഷിപ്പ് | 32800 | 32800 | 32800 | 98400 |

**വിവിധ പ്രവർത്തനങ്ങൾക്കായുള്ള പണം വകയിരുത്തൽ**

| | |
|---|---|
| ഭക്ഷണം | 2538000 |
| ചികിത്സ | 2745000 |
| വിദ്യാഭ്യാസം | 258000 |
| ഭവന പുനരുദ്ധാരണം | 6150000 |
| വെള്ളം | 310000 |
| വസ്ത്രം | 98400 |
| ടോയ്ലറ്റ് | 84000 |
| ആകെ | 9713800 |

**ചെലവ്**

2019-20 വർഷത്തിൽ ആരംഭിച്ച ഈ പദ്ധതിയുടെ 2022-23 വരെയുള്ള വരവ് ചെലവ് വിവരങ്ങൾ ത നൽകുന്നു.

| ഇനം | വരവ് | ചെലവ് |
|---|---|---|
| ചലഞ്ച് ഫണ്ട് | 2047600 | 2047600 |
| പ്ലാൻ ഫണ്ട് (DFK അക്കൗണ്ടിലേക്ക് നൽകിയത്) | 1090000 | 1022578 |
| VEO മുഖേന ആനുകൂല്യം നൽകിയത് | 250000 | 250000 |
| പലിശ | 55555 | |

ചെലവിന്റെ ഇനം തിരിച്ച വിവരം 31-07-2023 വരെ

| | |
|---|---|
| ഭക്ഷണം | 2272978 |
| വീട് റിപ്പയർ | 797200 |

ചികിത്സ, വെള്ളം, വിദ്യാഭ്യാസം, വസ്ത്രം, ടോയ്ലറ്റ് തുടങ്ങിയ ആവശ്യങ്ങൾക്ക് നാളിതു പണമൊന്നും ചെലവഴിച്ചിട്ടില്ല എന്നാണ് ലഭ്യമാക്കിയ പത്രികയിൽ നിന്ന് വ്യക്തമാകുന്നത്.

**പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ**

**(1)അംഗീകരിക്കപ്പെട്ട രീതിയിൽ പ്രൊജക്റ്റ് നടപ്പാക്കുന്നില്ല**

വിദ്യാഭ്യാസം, ചികിത്സ, വെള്ളം, ഭവന പുനരുദ്ധാരണം തുടങ്ങി വിവിധ പ്രവർത്തനങ്ങൾ പ്രൊജക് നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും നിശ്ചിത സമയപരിധിക്കകം പ്രൊജക്ട് പൂർണ്ണാർത്ഥത്തിൽ നടപ്പാക്കുന്നത വിജയം കൈവരിക്കാനായിട്ടില്ല.

ഭക്ഷണ കിറ്റ് വിതരണം ഒഴികെയുള്ള മറ്റ് സേവനങ്ങൾ നൽകുന്നതിൽ പുരോഗ കൈവരിക്കാനായിട്ടില്ല.
പ്രൊജക്ട് നടപ്പാക്കിയതിലെ പ്രസക്ത വിവരങ്ങൾ താഴെ നൽകുന്നു.

| ഇനം | പ്രൊജക്ട് പ്രകാരം അംഗീകരിക്കപ്പെട്ട കുടുംബങ്ങൾ | വകയിരുത്തിയ തുക | ആനുകൂല്യം നൽകിയവർ |
|---|---|---|---|
| ഭക്ഷണം | 246 | 2538900 | 233 |
| വീട് റിപ്പയർ | 123 | 6150000 | 18 |
| വെള്ളം | 62 | 310000 | 0 |
| വസ്ത്രം | 246 | 98400 | 0 |
| ടോയ്‌ലറ്റ് | 14 | 84000 | 0 |
| വിദ്യാഭ്യാസം | 55 | 258000 | 0 |

വീട് റിപ്പയറിൽ 14.63 % മാത്രമാണ് ലക്ഷ്യം നേടാൻ സാധിച്ചത്. മറ്റ് ഇനങ്ങളിൽ ഒരു ഗുണഭോക്താ പോലും സഹായം നൽകാൻ സാധിച്ചിട്ടില്ല. പഞ്ചായത്തിലെ ഏറ്റവും ബുദ്ധിമുട്ടനുഭവിക്കുന്നവ വേണ്ടി തയ്യാറാക്കിയ പദ്ധതിപ്രകാരം തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കൾക്ക് സമയബന്ധിതമ സേവനം, പരിചരണം, മറ്റ് ആനുകൂല്യങ്ങൾ എന്നിവ എത്തിച്ചു നൽകുന്നതിലും അനുവദിച്ച പ യഥാസമയം വിനിയോഗിക്കുന്നതിലും പഞ്ചായത്ത് ശ്രദ്ധ ചെലുത്തിയിട്ടില്ല എന്ന് വ്യക്തമാണ്.

**(2)പദ്ധതി നടത്തിപ്പിൽ അഗതി രഹിത കേരളം മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കുന്നി**

അഗതി രഹിത കേരളം പദ്ധതി മാർഗ്ഗരേഖ പ്രകാരം അംഗീകരിക്കപ്പെട്ട പദ്ധതിയുടെ നടത്തിപ്പ കുടുംബശ്രീ അയൽക്കൂട്ടങ്ങൾക്ക് മുഖ്യ പങ്കാളിത്തം നിർദ്ദേശിക്കുന്നുണ്ട്. ഗുണഭോക്താക്ക സേവനങ്ങൾ നൽകേണ്ടത് അയൽക്കൂട്ടങ്ങൾ മുഖേനയാണ് എന്നും ഓരോ കുടുംബങ്ങളെയും സന്ദർ അവർക്ക് ആവശ്യമായ സേവനങ്ങൾ ലഭ്യമാകുന്നുണ്ടോ എന്നത് ഉറപ്പുവരുത്തി വിവരങ്ങൾ രജിസ്റ്റ രേഖപ്പെടുത്തി സൂക്ഷിക്കണമെന്നും നിർദ്ദേശിക്കുന്നുണ്ട്. ആയത് പാലിച്ചിട്ടില്ല.

പദ്ധതി സമയബന്ധിതമായി നടപ്പാക്കാൻ സാധിക്കാതെയും പദ്ധതി ലക്ഷ്യം നേടാൻ സാധിക്കാതെ പദ്ധതിയുടെ കാലയളവ് അവസാനിച്ചിരിക്കയാണ്. പദ്ധതിയുടെ തുടർ നടത്തിപ്പ് സംബന്ധിച്ച് സർക തീരുമാനത്തിനനുസരിച്ച് ഉചിതമായ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-25 ഒരിക്കൽ ആനുകൂല്യം കൈപ്പറ്റിയവർ വീണ്ടും ആനുകൂല്യം കൈപ്പറ്റുന്നില്ല എന്ന് ഉറപ്പ് വരുത്തുന്നില്ല.

2022-23 വർഷത്തിൽ അസിസ്റ്റന്റ് സെക്രട്ടറി നിർവഹണം നടത്തിയ വിവിധ ധനസഹായ പ്രൊജക്ടുക താഴെ നൽകുന്നു.

1.പട്ടികജാതി യുവതികൾക്ക് വിവാഹ ധനസഹായം

2.പട്ടികജാതി വിദ്യാർഥികൾക്ക് പഠനോപകരണങ്ങൾ നൽകൽ

3 .വാട്ടർ ടാങ്ക് വിതരണം

മേൽ ആനുകൂല്യങ്ങൾ നൽകുന്നതിനനുവദിച്ച് പുറപ്പെടുവിച്ച സബ്സിഡി മാർഗ്ഗരേഖയിൽ ആനുകൂല്യങ്ങൾ നൽകുന്നതിനുള്ള പ്രധാന നിബന്ധന ഒരിക്കൽ ആനകൂല്യം നൽകിയവ ആനുകൂല്യം നൽകാൻ പാടില്ല എന്നതാണ്.2022-23 വർഷത്തിൽ നടപ്പാക്കിയ മേൽ പ്രൊജക്ടുകൾപ്രക ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കൾ മുമ്പ് ഇതേ ആനുകൂല്യം കൈപ്പറ്റിയോ എ പരിശോധിക്കുന്നതിന് മുൻ വർഷങ്ങളിൽ ഇതേ ആനുകൂല്യം കൈപ്പറ്റിയവരുടെ വി രേഖപ്പെടുത്തിയ രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല.

പഞ്ചായത്തിൽ നിന്ന് മുൻവർഷങ്ങളിൽ വിവിധ വ്യക്തിഗത ആനുകൂല്യങ്ങൾ കൈപ്പറ്റിയവർ അ ആനുകൂല്യം വീണ്ടും കൈപ്പറ്റുന്നുണ്ടോ എന്നത് പരിശോധിക്കുന്നതിന് നിലവിൽ പഞ്ചായ അവലംബിക്കുന്ന സംവിധാനത്തെപ്പറ്റി വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓ എൻക്വയറിക്ക് (21/18-8-23) മറുപടി ലഭ്യമാക്കിയിട്ടില്ല. പഞ്ചായത്തിൽ നിന്ന് മുൻവർഷങ്ങളിൽ വി വ്യക്തിഗത ആനുകൂല്യങ്ങൾ കൈപ്പറ്റിയവരുടെ വ്യക്തമായ വിവരം ഉൾപ്പെടുത്തി രജിസ്റ്റർ തയ്യാറാ ഗുണഭോക്താക്കൾ ഒരിക്കൽ കൈപ്പറ്റിയ അതേ ആനുകൂല്യം വീണ്ടും കൈപ്പറ്റുന്നത് തടയുന്ന സംവിധാനം ഒരുക്കേണ്ടതാണ്.

## 1-26 സ്നേഹിത കോളിംഗ് ബെൽ ഉല്ലാസയാത്ര - സർക്കാർ ഉത്തരവിന് വിരുദ്ധമായ ചെലവ്

**അസി .സെക്രട്ടറി** നിർവഹണം നടത്തിയ സ്നേഹിത കോളിംഗ് ബെൽ ഉല്ലാസ യാത്ര( 115/23 ) എ പ്രൊജക്ട് പ്രകാരം പഞ്ചായത്തിലെ കുടുംബശ്രീക്ക് കീഴിൽ ഒറ്റക്ക് താമസിക്കുന്ന വനിതകളെ ഉല്ല യാത്രക്ക് കൊണ്ടുപോയതിന് ₹ 50000/-(വൗച്ചർ നം 22260999/ 13.03.20223) ചെലവഴിച്ചിട്ടുണ്ട്.

2022-23 വർഷത്തേക്ക് ബാധകമായ പദ്ധതി മാർഗ്ഗരേഖ (GO(MS) 84/2022/LSGD Dt 19.04.2022 ) , സബ്സ മാർഗ്ഗരേഖ ( GO(MS) 115/2022/LSGD Dt 28.05.2022 ) എന്നിവ പ്രകാരം ഉല്ലാസ യാത്രക്ക് കൊണ്ട് പോകുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പണം ചെലവഴിക്കുന്നതിന് അനുമതി നൽകിയിട്ടില്ല.

മാർഗ്ഗരേഖ പ്രകാരം നടപ്പാക്കാൻ അനുമതിയില്ലാത്ത മേൽ പ്രൊജക്ട് നടപ്പാക്കുന്നതിന് പഞ്ചായ പ്രത്യേകാനുമതി നേടിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്. മേ അപാകത പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 20/17-8-23) മറുപടി ലഭ്യമാക്കിയില്ല.

പദ്ധതി മാർഗ്ഗരേഖ പ്രകാരം നടപ്പാക്കാൻ അനുമതിയില്ലാത്ത പ്രൊജക്ട് നടപ്പാക്കുന്നതിന് സർക്ക അനുമതി നേടുകയോ അല്ലെങ്കിൽ നൂതന പ്രൊജക്ട് അംഗീകരിക്കുന്നതിനുള്ള സമിതിയുടെ അംഗീകാ നേടി നടപ്പിലാക്കുകയോ ആയിരുന്നു ചെയ്യേണ്ടിയിരുന്നത്. സർക്കാർ ഉത്തരവിന് വിരുദ്ധമായി പ്രൊ നടപ്പാക്കിയതിനാൽ ഈ ഇനത്തിലെ ചെലവ് ₹50000 തടസ്സം ചെയ്യുന്നു. മാർഗ്ഗരേഖക്ക് വിരുദ്ധമ ചെലവിന് സർക്കാർ സാധൂകരണം നേടി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-27 മാലിന്യ നിർമ്മാർജ്ജന ഫണ്ട്-രൂപീകരിച്ചില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 219 എക്സ് പ്രകാരം ഗ്രാമപഞ്ചായത്തിൽ ഉണ്ടാക മാലിന്യ നിർമ്മാർജ്ജന ആവശ്യത്തിലേക്കായി (പ്ലാസ്റ്റിക് മാലിന്യ സംസ്കരണത്തിനായി) ഗ്രാമപഞ്ചായ മാലിന്യ നിർമ്മാർജ്ജന ഫണ്ട് രൂപീകരിക്കേണ്ടതാണ് എന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

കാവനൂർ ഗ്രാമപഞ്ചായത്തിന്റെ 4-10-2021ലെ ഭരണസമിതി തീരുമാനം6(1) തീയ്യതി പ്രകാരം അംഗീക പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് ബൈലോ 14(A) പ്രകാരം മാലിന്യ സംസ്കരണത്തിന് ആവശ്യമായ ചെ യൂസർ ഫീയിൽ നിന്നോ മാലിന്യ നിർമാർജ്ജന ഫണ്ടിൽ നിന്നോ ചെലവഴിക്കുന്നതിനാണ് അനു നൽകിയത്.. (1/274490/2022 ഫയൽ നം PAN/13112/2021-C6(DP) )

ബൈലോ പ്രകാരം മാലിന്യ സംസ്കരണത്തിന് ആവശ്യമായ ചെലവ് യൂസർ ഫീയിൽ നിന്നോ മാല നിർമാർജ്ജന ഫണ്ടിൽ നിന്നോ ചെലവഴിക്കുന്നതിനാണ് അനുമതി നൽകിയത് എങ്കിലും പഞ്ചായത്ത മാലിന്യ നിർമാർജ്ജന ഫണ്ട് രൂപീകരിച്ചിട്ടില്ല.

പഞ്ചായത്ത് രാജ് നിയമത്തിലെ നിർദ്ദേശപ്രകാരം മാലിന്യ നിർമാർജ്ജന ഫണ്ട് രൂപീകരിച്ച് വിവ അറിയിക്കേണ്ടതാണ്.

( മേൽ അപാകത പരാമർശിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വറിക്ക്(40/19-08-23) മറു ലഭ്യമാക്കിയില്ല.)

## 1-28 ഡെപ്പോസിറ്റ് പ്രവർത്തികൾ - പൂർത്തീകരണ വിവരം ലഭ്യമല്ല

2022-23 വർഷത്തിൽ സെക്രട്ടറി നിർവ്വഹണം നടത്തിയ താഴെപറയുന്ന ഡെപ്പോസിറ്റ് പ്രവൃത്തികള ധനവിനിയോഗ സാക്ഷ്യപത്രം, പ്രവൃത്തി പൂർത്തീകരണ പത്രം എന്നിവ ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം. | പ്രവൃത്തി | ചെലവ് തുക | വൗച്ചർ നം., തീയതി | ഏജൻസി |
|---|---|---|---|---|
| 1 | ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ -വാർഡ് 3 | 16719 (തനത് ഫണ്ട്) | 22200802/09.01.23 | KSEB |
| 2 | 253/23 ചെങ്ങര GLPSൽ സിംഗിൾ ഫേസ് ലൈൻ മാറ്റി സ്ഥാപിക്കൽ | 161197 (തനത് ഫണ്ട്) | 22201126/31.03.23 | KSEB |

ക്രമ നം.2 പ്രവൃത്തിക്കായി തുക ഡെപ്പോസിറ്റ് ചെയ്യപ്പോൾ ഗ്രാമപഞ്ചായത്ത് സെക്രട്ടറി കെ.എസ്.ഇ.ബി അസിസ്റ്റന്റ് എഞ്ചിനീയറും തമ്മിൽ 30.03.2023ന് കരാറിൽ ഏർപ്പെട്ടിട്ടുണ്ടെങ്ക് പ്രവൃത്തി പൂർത്തീകരണ കാലയളവ് കരാറിൽ രേഖപ്പെടുത്തിയിട്ടില്ല. മേൽ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ലെന്നും പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാ അറിയിക്കുന്നതാണെന്നും ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.08/22-23/14.08.2311.0 മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മേൽ പ്രവൃത്തികളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നത് വ ചെലവ് തുക 177916/-രൂപ തടസ്സത്തിൽ വെക്കുന്നു.

## 1-29 എസ്.എസ്.കെ വിഹിതം - പ്രൊജക്ട് നടത്തിപ്പിൽ സർക്കാർ നിർദ്ദേശം പാലിച്ചില്ല.

| | | |
|---|---|---|
| പ്രോജക്ട് നം., പേര് | 92/23, SSA വിഹിതം അടവാക്കൽ | 122/23, SSA വിഹിതം അടവാക്കൽ (SC) |
| ചെലവ് തുക | 300000 (വികസന ഫണ്ട് ജനറൽ) | 200000 (വികസന ഫണ്ട് Scp) |
| ബിൽ നം. | 12/14.10.22 | 13/14.10.22 |

സെക്രട്ടറി നിർവഹണം നടത്തിയ മേൽ പദ്ധതികൾ പ്രകാരം എസ്.എസ്.കെ വിഹിതമ അടവാക്കൽ എന്ന പ്രൊജക്ട് പ്രകാരം ₹500000 State Project Officer SSK ക്ക് നൽകിയിട്ടുണ്ട്.

എസ്.എസ്.കെ പ്രൊജക്ട് നടപ്പിലാക്കുന്നത് എങ്ങനെയായിരിക്കണം എന്ന് പദ്ധതി ആസൂത്ര മാർഗ്ഗരേഖയിൽ ( GO(MS) 84/2022/LSGD Dt 19.04.2022 ) വ്യക്തമായ നിർദ്ദേശങ്ങൾ നൽകിയിട്ടു പ്രസക്തമായവ താഴെ നൽകുന്നു.

1) എസ്.എസ്.കെ. (സമഗ്ര ശിക്ഷ കേരളം) പ്രോജക്ടിന്റെ കർമ്മ പരിപാടി തയ്യാറാക്കുന്ന നടപ്പിലാക്കുന്നതും തദ്ദേശഭരണ സ്ഥാപനത്തിന്റെ പൂർണ്ണ പങ്കാളിത്തത്തോടെയായിരിക്കണം. പ്രോ പൂർത്തീകരണത്തിന് ശേഷം സമഗ്ര ശിക്ഷ കേരളം വിശദാംശങ്ങൾ തദ്ദേശഭരണ സ്ഥാപനത്ത നൽകേണ്ടതാണ്. ( ഖ 8.6.3)
2) തദ്ദേശഭരണ സ്ഥാപനങ്ങൾ സമഗ്രശിക്ഷാ കേരളം പ്രോജക്ടിന് നൽകുന്ന തുകയുടെ വിനിയോ ഓരോ സ്കൂളിലും നടത്തുന്ന പ്രവർത്തനങ്ങൾ / പരിപാടികൾ എന്താണ് എന്നീ വിവരങ്ങൾ അ തദ്ദേശഭരണ സ്ഥാപനങ്ങളെ എസ് എസ്.കെ. പ്രാക്ട് ഓഫീസർ അറിയിക്കണം. എസ്.എസ്. വിഹിതവും തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിഹിതവും ചേർത്ത് നടപ്പാക്കുന്ന വികസന പദ്ധതികള തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഭാരവാഹികളുടെ അടക്കമുള്ള പങ്കാളിത്തം എസ് എസ്.കെ. ഉറപ്പാക്ക തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഫണ്ടു ചെലവഴിക്കു മ്പോൾ അതിന്റെ വിനിയോഗ സർട്ടിഫിക്കറ്റ് (U Certificate) സമഗ്രശിക്ഷാ കേരളത്തിൽ നിന്നു കൃത്യമായി നല്കണം. ( ഖ 8.6.4)

പദ്ധതി ഫയൽ പരിശോധിച്ചതിൽ താഴെ പരാമർശിക്കുന്ന അപാകതകൾ കാണുന്നു.

1.തുക നൽകുന്നതിനായി ലഭ്യമാക്കുന്ന പ്രൊപ്പോസൽ തന്നെയാണ് ചെലവ് തുകയുടെ വിനിയോഗ സാക്ഷ്യപത്രം എന്ന പേരിൽ എസ്.എസ്.എ യിൽ നിന്നും ലഭ്യമായിട്ടുള്ളത്. എന്നാൽ പ്രവർത്തനങ്ങളു വിശദമായ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

2.പദ്ധതി തയ്യാറാക്കുന്നതിൽ പഞ്ചായത്തിന്റെ പങ്കാളിത്തം ഉറപ്പ് വരുത്തിയിട്ടില്ല.

3.പൂർത്തീകരിച്ച പദ്ധതിയുടെ വിശദാംശങ്ങൾ പഞ്ചായത്തിന് നൽകിയിട്ടില്ല.

4.ഓരോ സ്കൂളുകളിലും നടപ്പാക്കിയ പ്രവർത്തനങ്ങൾ പഞ്ചായത്തിനെ അറിയിച്ചിട്ടില്ല

5.വികസന പദ്ധതികളിൽ പഞ്ചായത്ത് ഭാരവാഹികളുടെ പങ്കാളിത്തം ഉറപ്പാക്കിയതിന്റെ രേഖ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

ഓഡിറ്റ് എൻക്വയറി.43/22-23/19.08.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് മറു ലഭ്യമാക്കേണ്ടതാണ്.

പദ്ധതി നിർവ്വഹണത്തിൽ സർക്കാർ നിർദ്ദേശങ്ങൾ പാലിക്കേണ്ടതും ചെലവ് തുകയുടെ വിശദ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതുമാണ്.

## 1-30 ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ- ഹോംകോക്ക് മുൻകൂർ തു നൽകി - മരുന്ന് ലഭ്യമായിട്ടില്ല

സെക്രട്ടറി നിർവഹണം നടത്തിയ പ്രോജക്ട് നം.90/23, ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ പദ്ധതി പ്രകാരം ആയുഷ് പി.എച്ച്.സിയിലേക്ക് മരുന്ന് വാങ്ങുന്നതിനായി കേരള സ്റ്റേറ്റ് ഹോമിയോപ കോ-ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡിന് ബിൽ നം.20/28.02.23 പ്രകാരം ₹300000/- (മെയിന്റനൻസ് ഗ്ര റോഡിതരം) മുൻകൂർ തുക നൽകിയിട്ടുണ്ടെങ്കിലും നാളിതുവരെ മരുന്നുകൾ ലഭ്യമായിട്ടില്ല. മാസത്തിനകം നൽകുമെന്ന് ഹോംകോ അറിയിച്ചിട്ടുണ്ടെന്ന് ഇത് സംബന്ധിച്ച് നൽകിയ ഓ എൻക്വയറിക്ക് (നം. 07/22-23/14.08.23) മറുപടി ലഭ്യമാക്കി. മരുന്നുകൾ ലഭ്യമാക്കി വി അറിയിക്കേണ്ടതാണ്.

## 1-31 കണക്കിൽ പെടാത്ത പണം അക്കൗണ്ടിൽ അവശേഷിക്കുന്നു.

ഗ്രാമപ്പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനിയറുടെ പേരിൽ അരീക്കോട് സബ് ട്രഷറിയിൽ 799011400002439 നമ്പർ അക്കൗണ്ടിൽ 31.03.2023 ന് ₹ 216754യും, SBI യുടെ അരീക്കോട് ശാഖയിലുള്ള 6760 നമ്പർ അക്കൗണ്ടിൽ 30.03.2023 ന് ₹73122 ചെലവഴിക്കാതെ അവശേഷിക്കുന്നു.

അസിസ്റ്റന്റ് എഞ്ചിനിയറുടെ 2022-23 കാഷ്ബുക്കിൽ നീക്കിയിരുപ്പിന്റെ വിവരം കാണിച്ചിട്ടില്ല.

പ്രവൃത്തി ബില്ല് തയ്യാറാക്കി അസിസ്റ്റന്റ് എഞ്ചിനിയർ റിക്വസിഷൻ മുഖേന ആവശ്യപ്പെട്ടുന്ന ടെണ്ടർ ഫീ, എന്നീ തുകകളാണ് അസിസ്റ്റന്റ് എഞ്ചിനിയറുടെ അക്കൗണ്ടിൽ വരവ് വരു

എന്നതിനാൽ എഞ്ചിനിയറുടെ അക്കൗണ്ടിൽ പണം ചെലവഴിക്കാതെ അവശേഷിക്കാൻ പാടില്ല. തദ്ദേശ സ്വയംഭരണ സ്ഥാപനം അനുവദിച്ച തുക അർഹരായ ആളുകൾക്ക് / വകുപ്പുകൾക്ക് നൽകുന്നതിൽ അസിസ്റ്റന്റ് എഞ്ചിനീയർ വീഴ്ച വരുത്തിയിട്ടുണ്ട് എന്നാണ് ഇതിൽ നിന്നും വ്യക്തമാകുന്നത്.

രണ്ട് അക്കൗണ്ടുകളിലുമായി ചെലവഴിക്കാൻ അവശേഷിക്കുന്ന തുകയുടെ വിശദ വിവരം ലഭ്യമാക്കേണ്ടതും തുക അർഹരായവർക്ക്/ വകുപ്പുകൾക്ക് നൽകേണ്ടതുമാണ്.

ഇക്കാര്യം പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 15/ 17.08.2023 ) ലഭ്യമാക്കിയ മറുപടിയിൽ അക്കൗണ്ടിൽ അവശേഷിക്കുന്ന തുക ടെണ്ടർ ഫീ ഇനത്തിൽ വരവ് വന്നതാണ് എന്നും പഞ്ചായത്തിലേ തിരിച്ചടക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ് എന്നും അറിയിച്ചിട്ടുണ്ട്.

## 1-32 ടെണ്ടർ ഫീ ഒടുക്ക് വരുത്തിയിട്ടില്ല.

അസിസ്റ്റന്റ് എഞ്ചിനിയറുടെ പേരിൽ SBI യുടെ അരീക്കോട് ശാഖയിലുള്ള 676002906 ന അക്കൗണ്ടിൽ 01.05.2022 മുതൽ 30.03.2023 വരെയുള്ള കാലയളവിൽ ₹78550 ടെണ്ടർ ഫീ ഇനത്തിൽ വ വന്നിട്ടുണ്ട്. ടെണ്ടർ ഫീ ഇനത്തിൽ വരവ് വന്ന തുക നാളിതുവരെ പഞ്ചായത്ത് ഫണ്ടിൽ ഒടുക്കിയിട്ടില്ല

ടെണ്ടർ ഫീ ഒടുക്കിയ വിവരം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 17/ 17.08.2 മറുപടി ലഭ്യമാക്കിയിട്ടില്ല

മുൻ വർഷങ്ങളിൽ ടെണ്ടർ ഫീ ഇനത്തിൽ ലഭിച്ച തുക കണക്കാക്കി നാളിതുവരെ ഈ ഇനത്തിൽ ല തുക പഞ്ചായത്ത് ഫണ്ടിൽ ഒടുക്ക് വരുത്തി വിവരം അറിയിക്കേണ്ടതാണ്.

## 1-33 കരിങ്കൽക്കെട്ട് പൊളിക്കുന്നതിന് അധിക നിരക്ക് - ₹ 5000 തിരിച്ചടച്ചു.

കരിങ്കൽക്കെട്ട് പൊളിക്കുന്നതിന് MORD SOR പ്രകാരം അംഗീകരിക്കപ്പെട്ട നിരക്ക് ഉണ്ടായിരിക്കെ നിരക്ക് തയ്യാറാക്കി നിരക്ക് അനുവദിച്ചത് മൂലം അധികച്ചെലവുണ്ടായ ₹ 5000 ഓഡിറ്റ് എൻക്വ നൽകിയതിനെത്തുടർന്ന് ( 9/14.08.2023 ) പഞ്ചായത്ത് ഫണ്ടിൽ തിരിച്ചടച്ചു. (രസീത് നം 1230901171/ G1005 21.08.2023)

അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-34 സർക്കാർ നിർദ്ദേശം പാലിക്കാതെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകി.

സംസ്ഥാനത്തെ പ്രീ പ്രൈമറികൾ ഉൾപ്പെടെയുള്ള സർക്കാർ, എയ്ഡഡ്, അൺ എയ്ഡഡ് സ്കൂളുകള ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകേണ്ടത് തദ്ദേശ സ്വയംഭരണ വകുപ്പ് എഞ്ചിനിയറിംഗ് വിഭാഗമ ഇത്തരത്തിൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുന്നത് എങ്ങനെയായിരിക്കണം എന്ന് വ്യക്തമാക്കി തദ്ദേശ സ്വയംഭരണ വകുപ്പ് വിവിധ സർക്കുലറുകൾ പുറപ്പെടുവിച്ചിട്ടുണ്ട്.

1.തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 12.09.2011 ലെ 42448/ഇ.ഡബ്ല്യു3/11/ത.സ്വ.ഭ.വ നമ്പർ സർക്കുലർ

2.തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 30.12.16 ലെ792455/ഇ.ഡബ്ല്യു3/2016/ത.സ്വ.ഭ.വ നമ്പർ സർക്കുലർ

3.തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 24.07.2019 ലെ ഇ.ഡബ്ല്യു3/104/2019-ത.സ്വ.ഭ.വ നമ്പർ സർക്കുലർ

4.ദ്ദേശ സ്വയംഭരണ വകുപ്പിന്റെ 24.01.2020 ലെ ഇ.ഡബ്ല്യു3/330/2019/ ത.സ്വ.ഭ.വ നമ്പർ സർക്കുലർ

5.തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 15.02.21 ലെ ഇ.ഡബ്ല്യുഎ3/179/2020ത.സ്വ.ഭ.വ നമ്പർ സർക്കുലർ

സ്കൂളുകൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകേണ്ടത് എങ്ങനെയായിരിക്കണം എന്നതിന് അടിസ്ഥ നിർദ്ദേശങ്ങൾ നൽകിയത് 12.09.2011 ലെ മേൽ സൂചിപ്പിച്ച സർക്കുലറിലാണ് . മേൽ സർക്കുലറുകള് പ്രധാന നിർദ്ദേശങ്ങൾ താഴെ നൽകുന്നു.

. കെട്ടിട നിർമ്മാണം നിലവിലുള്ള കെട്ടിട നിർമ്മാണ ചട്ടങ്ങൾക്ക് വിധേയമായിരിക്കണം.

. കെട്ടിടം നിർമ്മിക്കുന്നതിന് മുമ്പ്തന്നെ ബന്ധപ്പെട്ട എഞ്ചിനിയർമാർക്ക് Plan, Estimate, Structural Drawing Investigation Details എന്നിവ പരിശോധനക്ക് നൽകിയിരിക്കണം.

. എഞ്ചിനിയർമാരുടെ മേൽനോട്ടത്തിൽ മാത്രമെ പ്രവൃത്തികൾ ചെയ്യാൻ പാടുള്ളൂ.

. സൂപ്പർവിഷൻ ചാർജ്ജായി 1.25% അടക്കേണ്ടതാണ്.

. ഫിറ്റ്നസ് ആവശ്യമായ എല്ലാ പ്രവൃത്തികളും രൂപകൽപ്പന മുതൽ പൂർത്തീകരണംവരെ ബന്ധ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ എഞ്ചിനിയറുടെ സാങ്കേതിക മേൽനോട്ടത്തിൽ ത നിർവഹിക്കേണ്ടതാണ്.

പഞ്ചായത്തിൽ 2022- 23 വർഷങ്ങളിലെ സ്കൂൾ ഫിറ്റ്നസ് നൽകിയതിന്റെ രേഖകൾ പരിശോധിച്ചത ഫിറ്റ്നസ് നൽകുന്നത് സംബന്ധിച്ച സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാതെയാണ് ഫിറ്റ്നസ് സർട്ടിഫി നൽകിവരുന്നത് എന്ന് വ്യക്തമായി.

പരിശോധനയിൽ വ്യക്തമായ അപാകതകൾ താഴെ നൽകുന്നു.

1) കെട്ടിട നിർമ്മാണം നിലവിലുള്ള കെട്ടിട നിർമ്മാണ ചട്ടങ്ങൾക്ക് വിധേയമാണോ പരിശോധിച്ചിട്ടില്ല.

2) പഞ്ചായത്തിൽ നിന്ന് നിന്ന് നമ്പർ നൽകാത്ത അനധികൃത നിർമ്മിതികൾക്ക് ഉൾപ്പെടെ ഫിറ്റ് നൽകി.

3) എഞ്ചിനിയറുടെ മേൽനോട്ടത്തിലല്ലാതെ നിർമ്മിച്ച കെട്ടിടങ്ങളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിന റിപ്പോർട്ടുകൾ ഇല്ലാതെ സമർപ്പിച്ച അപേക്ഷകളിലും ഫിറ്റ്നസ് നൽകി.

4) സർക്കാർ നിർദ്ദേശിച്ച ആദ്യതവണ ഫീസ് ഈടാക്കിയോ എന്ന് ഉറപ്പ് വരുത്താതെയാണ് ഫിറ്റ നൽകിയത്.

മേൽ അപാകതകൾ പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 18/ 17.08.2023 ) അപാകത പരിഹരിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്.

സർക്കാർ നിർദ്ദേശം പാലിച്ച് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-35 ഹെൽത്ത് ക്ലബ് പ്രവർത്തനം ആരംഭിച്ചിട്ടില്ല.

സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായി 2020-21 വർഷത്തിൽ നടപ്പാക്കിയ ഹെൽത്ത് ഉപകരണങ്ങൾ വാങ്ങൽ എന്ന പ്രൊജക്ട് പ്രകാരം വാങ്ങിയ ഉപകരണങ്ങൾ നാളിതുവരെ പെ ജനങ്ങൾക്ക് ഉപയോഗത്തിന് ലഭ്യമായിട്ടില്ല.

മേൽ പ്രൊജക്ട് പ്രകാരം വാങ്ങിയ ഉപകരണങ്ങളുടെ സംരക്ഷണ ചുമതല ഗുണഭോക്തൃ സമിത ഏല്പിക്കുന്നതിനും ഇതിന്റെ ഉപയോഗത്തിന് ഫീസ് ഈടാക്കുന്നതിനും ഭരണ സമിതി തീരുമാനിച്ചിട്ട ( 12/ 07.01/2022 ) എന്നാൽ ഈ തീരുമാനത്തിൽ തുടർ നടപടി സ്വീകരിച്ച് ഹെൽത്ത് ക്ലബ്ബ് പ്രവർത്ത ആരംഭിച്ചതിന്റെ അതിന്റെ തുടർ പ്രവർത്തനത്തിന്റെയും രേഖകൾ പരിശോധനക്ക് ഹാജരാക നിർദ്ദേശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 35/ 19.08.2023 ) പഞ്ചായത്ത് മറുപടി ലഭ്യമാക്കിയിട്ടില്ല.

ഭരണസമിതി തീരുമാനം നടപ്പാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-36 കാഷ്ബുക്ക് ശരിയായി എഴുതിയിട്ടില്ല.

ഒരു ഓഫീസിലെ സാമ്പത്തിക ഇടപാടുകളുടെ അടിസ്ഥാന രേഖയാണ് കാഷ്ബുക്ക്. കേരള ട്ര കോഡ് റൂൾ 92 പ്രകാരം എല്ലാ സർക്കാർ ഓഫീസുകളിലും TR7A മാതൃകയിലുള്ള കാഷ് ബുക്ക് എഴ സൂക്ഷിക്കേണ്ടതാണ് എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ വിനിയോഗം സംബന്ധിച്ച GO(P) 177/2006/Fin Dt 12.04.2006 നം ഉത്തരവിലും തദ്ദേശ സ്വയംഭ സ്ഥാപനങ്ങളിലെ എല്ലാ നിർവഹണോദ്യോഗസ്ഥരും നിശ്ചിത മാതൃകയിലുള്ള കാഷ്ബുക്ക് എഴ സൂക്ഷിക്കേണ്ടതാണ് എന്ന് വ്യക്തമായി നിർദ്ദേശിച്ചിട്ടുമുണ്ട്.

അസിസ്റ്റന്റ് എഞ്ചിനിയറുടെ ഓഫീസിന്റെ ചെലവ് രേഖകൾ പരിശോധിച്ചതിൽ ഓഫീസ് കാഷ്ബുക്ക് ശരിയായി എഴുതി സൂക്ഷിക്കുന്നില്ല എന്ന് വ്യക്തമായി.

അപാകതകൾ താഴെ നൽകുന്നു.

1.കാഷ്ബുക്ക് ദിനേന, പ്രതിമാസ ക്ലോസിംഗ് നടത്തിയിട്ടില്ല.

